# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറുവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.11/2253/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറുവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറുവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.11/2253/2023 തീയ്യതി: 04/11/2023

## മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-08-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അസീന. എ. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത. ഒ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. നസീറമോൾ പാലപ്ര | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. നിമ്മി ജേക്കബ് | സെക്രട്ടറി | 01-04-2022 | 04-05-2022 |
| ശ്രീമതി. മേരി ഐലിൻ. എ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-05-2022 | 08-05-2022 |
| ശ്രീമതി.ഷംന. എം. കെ. | സെക്രട്ടറി | 09-05-2022 | 17-08-2022 |
| | | 31-08-2022 | 11-09-2022 |
| ശ്രീമതി. വിജയകല. പി, ഹെഡ് ക്ലെർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-08-2022 | 30-08-2022 |
| ഒഴിവ് | സെക്രട്ടറി | 12-09-2022 | 14-09-2022 |
| | | 23-02-2023 | 24-02-2023 |
| ശ്രീ. രാജീവ്. പി, അസിസ്റ്റന്റ് സെക്രട്ടറി, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-09-2022 | 09-10-2022 |
| ശ്രീമതി. ജയന്തി ഗോപാലകൃഷ്ണൻ | സെക്രട്ടറി | 10-10-2022 | 16-11-2022 |
| | | 03-12-2022 | 22-02-2023 |
| | | 15-03-2023 | 31-03-2023 |
| ശ്രീ. ബിജുലാൽ. പി. എസ്, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-11-2022 | 02-12-2023 |
| | | 25-02-2023 | 14-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മേരി ഐലിൻ. എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 11-05-2022 |
| ശ്രീമതി. വിജയകല. പി, ഹെഡ് ക്ലെർക്ക് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-05-2022 | 28-10-2022 |
| ശ്രീ. ബിജുലാൽ. പി. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 29-10-2022 | 31-03-2023 |
| ശ്രീ. ഉഷാർ കൃഷ്ണൻ. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ദാക്ഷായണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ലെനിൻ പീറ്റർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗ്രേസ്സി മോൾ. എൻ. പി. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ. ഷാക്കിറ. എൻ. കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 05-06-2022 |
| ഡോ. ഷംസുദ്ധീൻ പുലാക്കൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 06-06-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. ഉമാ വേണുഗോപാൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. ഹൈദറലി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. വിശാഖ് വിശ്വം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന. വി. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി റുമിന. കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അഞ്ജലി. കെ. (അധിക ചുമതല) | കൃഷി ഓഫീസർ | 01-04-2022 | 10-08-2022 |
| ശ്രീമതി. മെഹറുന്നീസ. പി. എം. | കൃഷി ഓഫീസർ | 11-08-2022 | 20-08-2022 |
| ശ്രീമതി. മർജാന ബീഗം. കെ. സി. (അധിക ചുമതല) | കൃഷി ഓഫീസർ | 21-08-2022 | 02-01-2023 |
| ശ്രീ. ഉണ്ണികൃഷ്ണൻ. ആർ. (അധിക ചുമതല) | കൃഷി ഓഫീസർ | 03-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-3 |
| 5 | ആസ്തി ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാധ്യത ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | "എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ" തുക കണക്കാക്കിയതിന്റെ കൃത്യത പരിശോധിയ്ക്കാനായില്ല. | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-8 |
| 10 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് ആയി രേഖപ്പെടുത്തി. | 1-1-9 |
| 11 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല. | 1-1-10 |
| 12 | ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തില്ല. | 1-1-11 |
| 13 | ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിയ്ക്കുന്ന തുകകൾ യഥാസമയം ബാങ്ക് ബുക്കിൽ രേഖപെടുത്തുന്നില്ല. | 1-1-12 |
| 14 | തൊഴിലുറപ്പ് പദ്ധതിയുടെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | വിവാഹ ധനസഹായം നൽകിയതിന്റെ വിവരം വാർഷിക കണക്കിൽ രേഖപ്പെടുത്തിയില്ല. | 1-1-14 |
| 16 | രജിസ്റ്ററുകൾ കാലികമാക്കിയില്ല. | 1-1-15 |
| 17 | രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-16 |
| 18 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-17 |
| 19 | ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 23 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ | 1-4-1 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 26 | ക്ഷേമപദ്ധതികൾ. | 1-7 |
| 27 | ക്യാഷ് പരിശോധന | 1-8 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 31 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 32 | വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയ കെട്ടിടങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-13 |
| 33 | കൃഷി ഓഫീസറുടെ രസീത് ഉപയോഗത്തിലെ അപാകതകൾ | 1-14 |
| 34 | പരിരക്ഷ പദ്ധതി - അപാകതകൾ | 1-15 |
| 35 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല | 1-16 |
| 36 | മുഴവൻ മരുന്നും ലഭ്യമാകാത്തത് സംബന്ധിച്ച് | 1-17 |
| 37 | സ്കോളർഷിപ്പിനത്തിൽ അധികം തുക നൽകി | 1-18 |
| 38 | അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു. | 1-19 |
| 39 | ഒന്നാം ഗഡു കൈപ്പറ്റി- ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-20 |
| 40 | ഓണം അഡ്വാൻസ് റിക്കവറി - അതാത് സ്ഥാപനത്തിന് കൈമാറിയിട്ടില്ല | 1-21 |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-22 |
| 42 | വിവിധ ഏജൻസികൾക്ക് വിഹിതം നൽകിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-23 |
| 43 | സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്. | 1-24 |
| 44 | പദ്ധതികളുടെ മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-25 |
| 45 | ആശ്രയ പദ്ധതി - വീട് റിപ്പയറിംഗ് - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 46 | "VEELS" വെബ്സെറ്റിൽ വാഹനങ്ങളുടെ ചെലവ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യിട്ടില്ല | 1-27 |
| 47 | വാഹന വാടക നൽകിയതിൻമേൽ ആദായ നികുതി കുറവ് ചെയ്തില്ല | 1-28 |
| 48 | മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി | 1-29 |
| 49 | ക്വാറിമക്ക് ഫില്ലിംഗ് - അധിക നിരക്ക് നൽകിയത് മൂലം 29,968/- രൂപയുടെ അധികച്ചെലവ് | 1-30 |
| 50 | മിനി എം.സി.എഫ് നിർമ്മാണം- അനർഹമായ സ്പെസിഫിക്കേഷൻ കോഡ് പ്രകാരമുള്ള നിരക്ക് നൽകി | 1-31 |
| 51 | മൂല്യ നിർണ്ണയ തുകയേക്കാൾ കൂടുതൽ തുക പിൻവലിച്ചു | 1-32 |
| 52 | പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-33 |
| 53 | ജി.എസ്.ടി. അധിക നിരക്കിൽ നൽകേണ്ടി വന്നതിനാൽ പ്രവൃത്തിക്ക് അധികച്ചെലവ് വന്നു. | 1-34 |
| 54 | കരാറുകാരുമായി ഏർപ്പെട്ടിട്ടുള്ള പ്രാഥമിക കരാറുകൾ സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയിട്ടില്ല | 1-35 |
| 55 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് | 1-36 |

| | | |
|---|---|---|
| | ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | |
| 56 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുന്നില്ല | 1-37 |
| 57 | സാമൂഹ്യസുരക്ഷാ പെൻഷൻ - മരണപ്പെട്ട് ഒരു വർഷം കഴിഞ്ഞിട്ടും പെൻഷൻ നൽകുന്നു | 1-38 |
| 58 | "ഹോംകോ"യിൽ നിന്നും മരുന്ന് ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു | 1-39 |
| 59 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാറിമക്ക് ഫില്ലിംഗ് - അധിക നിരക്ക് നൽകിയത് മൂലം 29968 രൂപയുടെ അധികച്ചെലവ് | 3-1 |
| 2 | മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി | 3-2 |
| 3 | മിനി എം.സി.എഫ് നിർമ്മാണം- അനർഹമായ സ്പെസിഫിക്കേഷൻ കോഡ് പ്രകാരമുള്ള നിരക്ക് നൽകി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 19(1)/27.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുറുവ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറുവ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി:

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ബാലൻസ് ഷീറ്റിൽ 310100101, 310900101, 350110104, 350300101 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-4 ആസ്തി ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ആസ്തി ശീർഷകങ്ങളിൽ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
| --- | --- | --- | --- |

| | | | |
|---|---|---|---|
| 431100101 - Receivables For Property Tax On Residential Buildings(Current) | 1,37,962.00 | 1,34,865.00 | -3,097.00 |
| 431100102 - Receivables For Property Tax On Residential Buildings (Arrears) | 60,026.00 | 55,585.00 | -4,441.00 |
| 431910201 - Outdoor Collection Control Account | 0.00 | 8,042.00 | 8,042.00 |

## 1-1-5 ബാധ്യത ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ബാദ്ധ്യത ശീർഷകങ്ങളിൽ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 310900101 - Excess Of Income Over Expenditure | 3,54,63,365.40* | 3,54,63,484.40 | 119.00 |
| 350300101 - Government And Other Dues Payable - Library Cess | 7,46,833.30 | 7,47,218.30 | 385.00 |
| ആകെ | 3,62,10,198.70 | 3,62,10,702.70 | 504.00 |

*നിലവിൽ, ILGMS സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായ 31.03.2022 തീയ്യതിയിലെ ബാലൻസ് ഷീറ്റ് ജനറേറ്റ് ചെയ്യുമ്പോൾ ഈയിനത്തിൽ നീക്കിയിരുപ്പായി കാണിച്ചിട്ടുള്ളത് ₹3,54,55,442.40 എന്ന തുകയാണ്

## 1-1-6 "എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ" തുക കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

വാർഷിക കണക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക സംഗ്രഹം പ്രകാരം വരവ് - ചെലവ് = ₹17,44,84,176 - ₹16,92,78,226 = ₹52,05,950 ആണ്. മുൻകാല വരവ് (I-19) - മുൻകാല ചെലവ് (I-18) = ₹-1,60,684 - 0 = ₹-1,60,684ആണ്. മുൻകാല വരവ് ചെലവുകൾ ക്രമീകരിച്ചതിന് ശേഷമുള്ള ഇൻകം ഓവർ എക്സ്പെന്റിച്ചർ തുകയായി ₹52,05,950+₹-1,60,684 = ₹50,45,266 എന്നതിന് പകരം ₹53,67,174 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 310900101 – Excess Of Income Over Expenditure എന്ന ശീർഷകത്തിൽ 31.03.2023 തീയ്യതിയിലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ₹4,05,25,398.40 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈയിനത്തിലെ വർഷാരംഭത്തിലെ മുന്നിരിപ്പ് തുക വിവിധ ഇടങ്ങളിൽ വ്യത്യസ്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ (ഖണ്ഡിക നം. 1-1-5 പ്രകാരമുള്ള അപാകത കാണുക) ഈ തുക കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

## 1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹1,87,50,037), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹29,88,503) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-8 നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞും പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് അക്കൗണ്ട് എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞവയാണ്.

| ക്രമ നം | ചെക്ക് നം/ തീയ്യതി | തുക (₹) | ബാങ്ക്/ട്രഷറി അക്കൗണ്ട് | അക്കൗണ്ട് ശീർഷകം |
|---|---|---|---|---|
| 1 | 136807/28.01.2022 | 10,000 | Pang Service Co-Operative Bank (9039) | 450210102 |
| 2 | 4441622/30.03.2022 | 2,96,512 | LGSTSB - Sub Treasury, Makkaraparamba (799013000000455) | 450210104 |

## 1-1-9 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് ആയി

രേഖപ്പെടുത്തി.

LGSTSB - Sub Treasury, Makkaraparamba (799013000000455) എന്ന അക്കൗണ്ടിൽ 31.03.2023 തീയ്യതിയിൽ ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് ആണ് ഉള്ളത് (₹-13,45,893).

### 1-1-10 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള SBI PANG (E-PAYMENT) PANG - (67385792964) അക്കൗണ്ടിൽ 30.11.2022 തീയ്യതിയിൽ Directly Credited By Bank ആയി വന്ന 657/- രൂപ യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും (അക്കൗണ്ട് ശീർഷകം - 450210101) പൊരുത്തപ്പെടാത്ത തുകയായി അവശേഷിക്കുന്നു.

### 1-1-11 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിന്നും Directly Debited By Bank ആയി കുറവ് ചെയ്യപ്പെട്ട താഴെപ്പറയുന്ന തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും (അക്കൗണ്ട് ശീർഷകം - 450210101) പൊരുത്തപ്പെടാത്ത തുകയായി അവശേഷിക്കുന്നു.

| ക്രമ നം | തീയ്യതി | തുക (₹) | ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 1 | 04.02.2023 | 60,000 | SBI - LIFE – KURDFC - 0766 PADAPPARAMBA (41433110766) |
| 2 | 22.03.2019 | 455 | SBI PANG (E-PAYMENT) PANG - (67385792964) |
| 3 | 31.03.2022 | 1,277 | |
| 4 | 16.07.2022 | 727 | |
| 5 | 26.09.2022 | 263 | |
| 6 | 21.10.2022 | 123 | |
| 7 | 30.11.2022 | 137 | |
| 8 | 31.12.2022 | 120 | |
| 9 | 28.02.2023 | 1,494 | |

### 1-1-12 ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾ യഥാസമയം ബാങ്ക് ബുക്കിൽ രേഖപെടുത്തുന്നില്ല.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇ-ഗ്രാം സ്വരാജ് വൗച്ചർ, ബാങ്ക് സ്റ്റേറ്റ്മെന്റ് (CFC PFMS HDFC BANK MALAPPURAM -50100409222926) എന്നിവ പരിശോധിച്ചതിൽ ചെലവ് തുകകൾ യഥാസമയം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല എന്ന് ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇ-ഗ്രാം സ്വരാജ് വൗച്ചർ നം/തീയ്യതി | തുക (₹) | ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ വൗച്ചർ നം/തീയ്യതി |
|---|---|---|---|
| 1 | XVFC/2021-22/P/10/30.03.22 | 11,85,921 | 22200423/29.09.22 |
| 2 | XVFC/2022-23/P/1/27.05.22 | 2,77,949 | 22200312/27.08.22 |
| 3 | XVFC/2022-23/P/12/22.07.22 | 1,95,883 | 22200322/27.08.22 |
| 4 | XVFC/2022-23/P/13/22.07.22 | 1,94,515 | 22200323/27.08.22 |
| 5 | XVFC/2022-23/P/9/08.07.22 | 33,120 | 22200397/20.09.22 |
| 6 | XVFC/2022-23/P/3/27.05.22 | 1,96,336 | 22200314/27.08.22 |

### 1-1-13 തൊഴിലുറപ്പ് പദ്ധതിയുടെ തുകകൾ പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ തുകകൾ വാർഷിക കണക്ക്, MGNREGS സെക്ഷനിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | തുക (₹) | | |
|---|---|---|---|
| | MGNREGS സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
| ഭരണ വരവുകൾ (ലെഡ്ജർ പ്രകാരം) | 12,03,308 | 1,14,771 | 10,88,537 |
| ഭരണ ചെലവുകൾ (ലെഡ്ജർ പ്രകാരം) | 9,41,147 | 8,85,610* | 55,537 |

| | | | |
|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് - റെവന്യൂ ചെലവ് (I-14(C)) | 1,86,31,516 | 1,86,31,132 | 384 |
| ആകെ റെവന്യൂ ചെലവ് (I-6) | 1,95,72,663 | 1,95,16,742 | 55,921 |

*ഭരണ ചെലവുകൾ 320100128 - Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം ₹8,85,610/- ആണെങ്കിലും I-14(F) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇതിന്റെ ഇരട്ടിയായ ₹17,71,220/- എന്ന തുകയാണ്.

## 1-1-14 വിവാഹ ധനസഹായം നൽകിയതിന്റെ വിവരം വാർഷിക കണക്കിൽ രേഖപ്പെടുത്തിയില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ രജിസ്റ്റർ, സേവന സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരം എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 8 ഗുണഭോക്താക്കൾക്കായി ആകെ 2,40,000/- രൂപ വിവാഹ ധനസഹായം ആയി വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഈ വിവരം വാർഷിക കണക്ക് I-6, I-14(D) ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-15 രജിസ്റ്ററുകൾ കാലികമാക്കിയില്ല.

താഴെപ്പറയുന്ന രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി പരിശോധിക്കാനായില്ല.

1. അഡ്വാൻസ് രജിസ്റ്റർ

താഴെപ്പറയുന്ന ശീർഷകങ്ങളിലെ തുകകൾ 2022-23 വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഹെഡ് കോഡ് | അക്കൗണ്ട് ശീർഷകം |
|---|---|---|
| 1 | 460100102 | Permanent Advance/Imprest |
| 2 | 460100103 | Temporary Advance For Official Purposes |
| 3 | 460100105 | Tour Traveling Allowance Advance |
| 4 | 460100199 | Other Advances |
| 5 | 460500201 | Advance To Implementing Agencies - Deposit With Kerala Water Authority |
| 6 | 460500202 | Advance To Implementing Agencies - Deposit With Kerala Electricity Board |

2. ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-1-16 രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന രജിസ്റ്ററുകളിലെ തുകകളും വാർഷിക കണക്കിൽ പ്രസ്തുത ഇനത്തിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

1. അഡ്വാൻസ് രജിസ്റ്റർ

താഴെപ്പറയുന്ന ഇനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2023ലെ നീക്കിയിരിപ്പ് തുക (₹) | | |
|---|---|---|---|
| | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം (B-18) | വ്യത്യാസം |
| 460100101 - Festival Advance | 10,000 | -24,000 | 34,000 |
| 460500801 - Advance To Mahatma Gandhi NREGA/AUEGS Administrative Expense | 11,17,308 | 2,31,698 | 8,85,610 |

2. ഡെപ്പോസിറ്റ് രജിസ്റ്റർ

340100301 Contractors' Retention എന്ന ശീർഷകത്തിലെ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| ഇനം | തുക (₹) | | |
|---|---|---|---|
| | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
| തൻവർഷം സ്വീകരിച്ച തുക (RP-33) | 10,183 | 34,978.00 | -24,795 |

| | | | |
|---|---|---|---|
| തൻവർഷാവസാന ബാലൻസ് (B-7) | 52,969 | 87,947 | -34,978 |

3. വാടക DCB രജിസ്റ്റർ

കെട്ടിടങ്ങളിൽ നിന്നുള്ള വാടക വരവിന്റെ തൻവർഷ ഡിമാന്റ്/കളക്ഷൻ തുക വാടക രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| തുക (₹) | | |
|---|---|---|
| രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം (I-3, RP-45) | വ്യത്യാസം |
| 1,57,392 | 1,01,239 | 56,153 |

4. വസ്തുനികുതി DCB രജിസ്റ്റർ (സഞ്ചയ)

വസ്തുനികുതി തുകകൾ (റെസിഡൻഷ്യൽ + നോൺ റെസിഡൻഷ്യൽ) തുകകൾ വാർഷിക കണക്ക്, സഞ്ചയ DCB സ്റ്റേറ്റ്മെന്റ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | തുക (₹) | | |
|---|---|---|---|
| | സഞ്ചയ DCB പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
| കുടിശ്ശിക ഡിമാന്റ് (മുൻവർഷ ബാലൻസ് ഷീറ്റ് B-15) | 6,63,917 | 6,82,891 | -18,974 |
| തൻവർഷ ഡിമാന്റ് (I-1) | 77,72,516 | 78,74,821 | -1,02,305 |
| കുടിശ്ശിക ബാലൻസ് (B-15) | 5,44,642 | 1,74,153 | 3,70,489 |
| തൻവർഷ ബാലൻസ് (B-15) | 45,30,699 | 3,82,011 | 41,48,688 |

## 1-1-17 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിയ്ക്കാനായില്ല.

1. FTEAOS ലൈസൻസ്, തൊഴിൽ നികുതി (ട്രേഡ്ഴ്സ്) എന്നിവയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈ ഇനങ്ങളിലുള്ള കുടിശ്ശിക തുകയുടെ വിവരം പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.
2. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം ഈയിനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
3. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-18 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/26.03.2022 | 3(1)/14.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 6,37,35,194 |
| വരവ് | 19,78,70,792 |
| ആകെ | 26,16,05,986 |
| ചെലവ് | 19,48,82,289 |
| നീക്കിയിരിപ്പ് | 6,67,23,697 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് / ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,52,79,303 | 2,52,79,303 | 2,45,40,819 | 7,38,484 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 59,49,281 | 59,49,281 | 59,40,400 | 8,881 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,20,82,000 | 1,20,82,000 | 1,20,82,000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 91,03,000 | 91,03,000 | 85,25,963 | 5,77,037 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,26,33,785 | 1,26,33,785 | 75,92,333 | 50,41,452 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 50,71,569 | 50,71,569 | 59,14,231 | -8,42,662 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

1. വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ .

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | |
|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് (I-6) |
| 1 | വികസന ഫണ്ട് - ജനറൽ | 2,70,41,516 | 2,45,40,819 | 2,70,41,516 |
| 2 | വികസന ഫണ്ട് - എസ്.സി.പി | 63,17,760 | 59,40,400 | 63,17,760 |
| 3 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 1,17,82,000 | 1,20,82,000 | 1,20,82,000 |

2. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ഇനത്തിൽ തൻവർഷാവസാന നീക്കിയിരിപ്പ് തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം നെഗറ്റീവ് തുകയാണ് (₹-8,42,662).

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 16/26.09.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 288 | 21,79,35,010 | 129 | 9,31,47,963 | 88 | 71 | 44.8% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 11,47,771 | 11,47,771 | 8,85,610 | 2,62,161 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,86,31,132 | 1,86,31,132 | 1,86,31,132 | 0 |
| ആകെ | 0 | 1,97,78,903 | 1,97,78,903 | 1,95,16,742 | 2,62,161 |

കുറിപ്പ് :- തൊഴിലുറപ്പ് പദ്ധതിയുടെ തുകകൾ വാർഷിക കണക്ക്, MGNREGS സെക്ഷനിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്

എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.. വാർഷിക കണക്ക് പ്രകാരമുള്ള വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 26,68,200 | 1713 |
| വിധവാപെൻഷൻ | 1,99,39,800 | 12623 |
| വാർദ്ധക്യകാലപെൻഷൻ | 3,00,18,400 | 19623 |
| വികലാംഗപെൻഷൻ | 66,72,400 | 4212 |
| വിവാഹ ധനസഹായം | 2,40,000 | 8 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,03,800 | 313 |

കുറിപ്പ് :- വിവാഹ ധനസഹായമായി 2,40,000/- രൂപ നൽകിയതിന്റെ വിവരം വാർഷിക കണക്ക് I-6, I-14(D) ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.09.2023 ന് 12:28PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 86,834/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2) ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഴുവൻ വരവ് ചെലവുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
3) സാമൂഹ്യ സുരക്ഷാ പെൻഷൻ – മരണപ്പെട്ടവരേയും അനർഹരേയും ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ സംവിധാനമില്ല. പെൻഷൻ സെക്ഷൻ, ജനന-മരണ രജിസ്ട്രേഷൻ സെക്ഷനുകൾ തമ്മിൽ ഏകോപനമില്ല.
4) തെരുവ് വിളക്കുകളുടെ പരിപാലനം കൃത്യമായി നിരീക്ഷിക്കുന്നതിനും അവയുടെ മെയിന്റനൻസ് മോണിറ്റർ ചെയ്യുന്നതിനും കൃത്യമായ സ്ഥിതി വിവരക്കണക്കുകൾ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം. ഇനം, ലോക്കേഷൻ എന്നിവ ഉൾപ്പെടുത്തി ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. മോണിറ്ററിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതുണ്ട്.
6) ഇ- ടെണ്ടർ സംവിധാനത്തിലൂടെ ഗ്രാമ പഞ്ചായത്തിന് ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കാൻ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.
7). പണമിടപാടുകൾ അതത് സമയങ്ങളിൽ തന്നെ ബുക്ക് ചെയ്യുന്നതിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാര്യക്ഷമമായ മേൽനോട്ടത്തിന്റെ അഭാവവും അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നീ തസ്തികകളിലെ ജീവനക്കാരുടെ തുടർച്ചയായ സ്ഥലം മാറ്റവും ഇതിന് കാരണമായതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2023 | 08/2022 മുതൽ 09/2022 വരെ | 10.01.2023 |
| എ.ജി ഓഡിറ്റ് | 27.06.2013 | 1997-98 മുതൽ 2007-08 വരെ | 13.04.2015 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 14 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട്

വാർഷിക ബജറ്റ് അംഗീകാരം, വാർഷിക പദ്ധതിയിലേക്കുള്ള ശുപാർശകൾ, വസ്തുനികുതി പിരിവ് അവലോകനം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ, വസ്തുനികുതി പുനർനിർണ്ണയം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുകൾ നിലയിലുള്ള കോൺഫറൻസ് ഹാൾ, ന്യൂട്രിമിക്സ് കെട്ടിടത്തിന്റെ മുൻവശം എന്നിവ പൊതു ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ 30.07.2022 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ 5ാം നമ്പറായി തീരുമാനിച്ചെങ്കിലും ഇതിന്മേൽ തുടർനടപടികൾ ഉണ്ടായിട്ടില്ല. കോൺഫറൻസ് ഹാൾ കേടുപാടുകൾ ഉള്ളതും പരിപാലിക്കപ്പെടാത്തതുമായ നിലയിലാണ് ഉള്ളത്. പഴയ ഫയലുകളും ഉപയോഗശൂന്യമായ ഫർണിച്ചർ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയും ഇവിടെ സൂക്ഷിച്ചിരിക്കുകയാണ്.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 05.05.2022, 08.06.2022, 05.07.2022, 07.10.2022, 08.11.2022, 24.02.2023, 09.03.2023 എന്നീ തീയ്യതികളിലെ യോഗങ്ങളിൽ കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും തൻവർഷത്തിൽ 100% വസ്തു നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമുള്ള നടപടികൾ ചർച്ച ചെയ്തിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം 2022-23 വർഷത്തിൽ തൻവർഷ വസ്തുനികുതി 95.15%, കുടിശ്ശിക വസ്തുനികുതി 74.86% എന്നിങ്ങനെ പിരിച്ചെടുക്കാനായിട്ടുണ്ട്. കുടിശ്ശിക വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. 05.05.2022, 07.10.2022, 28.01.2023 എന്നീ തീയ്യതികളിലെ യോഗങ്ങളിൽ ലൈസൻസ് ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതും സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്.

സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

വസ്തുനികുതി പരിഷ്കരണം

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുറുവ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ തരം എന്നിവ 19.05.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 3(1) നമ്പർ തീരുമാന പ്രകാരം താത്ക്കാലികമായി അംഗീകരിക്കുകയും, അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സംബന്ധിച്ച വിവരം 24.05.2023 തീയ്യതിയിലെ എ3-4352/23 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിച്ച് ദിനപത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് പരസ്യപ്പെടുത്തി നിശ്ചിത കാലയളവിനുള്ളിൽ ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ലഭിക്കാതിരുന്നതിനാൽ ഈ നിരക്കുകൾ 30.09.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 36(1) നമ്പർ തീരുമാന പ്രകാരം അന്തിമമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമമായി നിശ്ചയിച്ച നിരക്കുകൾ വിജ്ഞാപനമായി പുറപ്പെടുവിച്ച് രണ്ട് ദിനപത്രങ്ങളിൽ പരസ്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. എല്ലാ വിനിയോഗ ഗണങ്ങൾക്കും സർക്കാർ വിജ്ഞാപനപ്രകാരം അതാത് ഗണത്തിന് ചുമത്താവുന്ന ഏറ്റവും കുറഞ്ഞ വസ്തുനികുതി നിരക്കുകളാണ് നിശ്ചയിച്ചിട്ടുള്ളത്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പൂർത്തിയായിട്ടില്ല. പുതുക്കിയ വസ്തുനികുതി നിരക്കുകൾ അന്തിമമാക്കുന്ന മുറയ്ക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതാണ്. 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിലവിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, നികുതി നിർണ്ണയം പുതിയ നികുതി പരിഷ്കരണത്തിന് വിധേയമാണെന്ന് ഡിമാന്റ് നോട്ടിസിൽ രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1058 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം, വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കുന്നതിനായി 24.05.2023, 21.07.2023 എന്നീ തീയ്യതികളിലെ എ3-4352/23 നമ്പർ വിജ്ഞാപനം പ്രകാരം അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നിയമന നടപടികൾ പൂർത്തീകരിക്കുകയോ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തി നികുതി

പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

കുറവ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008/തസ്വഭവ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

മറ്റു വരവുകൾ

1.ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുന്നിലെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലും സി.ഡി.എസ് കെട്ടിടസമുച്ചയത്തിലും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാതെ ഒഴിഞ്ഞുകിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകാൻ കഴിഞ്ഞാൽ അത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്നതാണ്.

2.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കുന്നതിനുള്ള ലേലം 28.03.2023 തീയ്യതിയിലും, സി.ഡി.എസ് കെട്ടിടസമുച്ചയത്തിൽ കെട്ടികിടക്കുന്ന ഒരു ടണ്ണോളം വരുന്ന പാഴ്‌വസ്തുക്കളുടെ ലേലം 03.06.2023 തീയതിയിലും നടത്തിയിട്ടുണ്ടെങ്കിലും ലേലം കൊണ്ട വ്യക്തികൾ തുക മുഴുവനായും അടവാക്കിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. തുടർനടപടി ഉറപ്പുവരുത്തേണ്ടതാണ്.

3.പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുകൾ നിലയിലുള്ള കോൺഫറൻസ് ഹാളിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ ഫർണിച്ചർ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ലേലം ചെയുകയും ഹാൾ അറ്റകുറ്റപണികൾ നടത്തി, 30.07.2022 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ ശുപാർശ പ്രകാരം പൊതു ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുകയും ചെയ്യുന്നത് വഴി തനത് വരവ് കണ്ടെത്താവുന്നതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായോ പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം / മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച

വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22 വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ - 2/21.09.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന (1) | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 192/2013-14 - കുടുംബശ്രീ കാന്റീനിൽ കുഴൽ കിണർ നിർമ്മാണം | 2013-14 | ഭൂജല വകുപ്പ് | 48,050 | Development Fund (KLGSDP Grant) -Central - 20000 , Own Fund - 28050 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 48,050 |
| 2 | 259/2014-15 - സ്ട്രീറ്റ് മെയിൻ വലിക്കൽ | 2014-15 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,26,720 | Development Fund (CFC Basic Grant) - 126720 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1,26,720 |
| 3 | 240/2015-16 - കളത്തിൽ ചാളക്കൽ എസ് സി കോളനിയിലെ വീടുകളുടെ മുകളിലൂടെയുള്ള വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ | 2015-16 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 42,000 | Development Fund (S.C.P) - 42000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 42,000 |
| 4 | 213/2016-17 - കുറവ ഗ്രാമീണ ശുദ്ധജല പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 20,00,000 | Development Fund (CFC Basic Grant) - 1018607 , Own Fund - 981393 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 20,00,000 |
| 5 | 281/2019-20 - സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 7,50,000 | Development Fund (CFC Basic Grant) - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 7,50,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ബോർഡ് | | 750000 | | |
| 6 | 321/2020-21 - കണ്ണാത്ത് -ആറണ്ണ് സിംഗിൾ ഫേസ് വൈദ്യുതി ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,00,000 | Own Fund - 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1,00,000 |
| 7 | 360/2020-21 - മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ (3, 7, 12, 16, 20 എന്നീ വാർഡുകളിലേക്ക്) | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 16,00,000 | Development Fund (CFC Tied Grant) - 1600000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 16,00,000 |
| 8 | 404/2020-21 - 1, 2, 22 എന്നീ വാർഡുകളിലേക്ക് ജലനിധി കുടിവെള്ള പദ്ധതിക്ക് ലൈൻ നീട്ടലും ട്രാൻസ്ഫോർമർ സ്ഥാപിക്കലും | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 7,03,262 | Development Fund (CFC Tied Grant) - 703262 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 7,03,262 |
| 9 | 104/2021-22 - സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 44,45,841 | Development Fund (CFC Basic Grant) - 4445841 | 10,64,470 | 33,81,371 |
| | ആകെ | | | 98,15,873 | | 10,64,470 | 87,51,403 |

മേൽ പ്രവൃത്തികളിലായി 87,51,403/- രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വിവിധ ഏജൻസികളിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിനായി അതാത് ഏജൻസികൾക്ക് കത്ത് നൽകിയതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-13 വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയ കെട്ടിടങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി 2013-14 ഒന്നാം അർദ്ധവർഷം മുതൽ തുടർച്ചയായി ഒഴിവാക്കി നൽകിയിട്ടുണ്ട്. വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഡ് 4ലെ 170 നമ്പർ ആയി "വില്ലേജ് ഓഫീസ് കുറവ" എന്ന പേരിലുള്ള കെട്ടിടത്തെ സെ. 207 (1 (എച്ച്)) - "ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വക കെട്ടിടം" എന്ന വിഭാഗത്തിൽപ്പെടുത്തി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഈ കെട്ടിടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ആണെങ്കിൽ അതിന്റെ വിവരവും, അല്ലെങ്കിൽ വസ്തുനികുതി ഒഴിവാക്കി നൽകിയതിന് കാരണവും വിശദീകരിക്കേണ്ടതാണ്.

2. താഴെപ്പറയുന്ന കെട്ടിടങ്ങളെ സെക്ഷൻ 207 (1(ഡി)) - "അഗതികൾക്കോ അനാഥർക്കോ ശാരീരികമായോ മാനസികമായോ

വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും, ധർമ്മകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതും എല്ലാവിഭാഗം ജനങ്ങൾക്കും പ്രവേശനം നൽകുന്നതുമായ കെട്ടിടങ്ങൾ" എന്ന വിഭാഗത്തിൽപ്പെടുത്തി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് |
|---|---|---|
| 1 | 1/80 | ചുങ്കപ്പള്ളി സുരേഷ്കുമാർ |
| 2 | 3/10 | വെള്ളാലി നടുവക്കാട്ട് കൃഷ്ണപണിക്കർ |

3. താഴെപ്പറയുന്ന കെട്ടിടങ്ങളെ ഭരണഘടനയുടെ 285 അനുച്ഛേദം - "കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടം" എന്ന വിഭാഗത്തിൽപ്പെടുത്തി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് |
|---|---|---|
| 1 | 4/240 | മൂത്തേടത്ത് കൃഷ്ണദാസ് |
| 2 | 19/266/A | കതിയക്കുട്ടി മുതൽ പേർ |

മേൽപ്പറഞ്ഞ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/26.09.2023ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. രേഖകൾ ഹാജരാക്കുകയോ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-14 കൃഷി ഓഫീസറുടെ രസീത് ഉപയോഗത്തിലെ അപാകതകൾ

മാന്വൽ രസീതുകൾ ഉപയോഗിച്ച് കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്. ഓരോ രസീതും ഉപയോഗിച്ച് 350 രൂപ വീതമാണ് പിരിച്ചെടുത്തിട്ടുള്ളത്.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(സി) പ്രകാരം, പഞ്ചായത്തിന് വേണ്ടി പണം സ്വീകരിച്ച് കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവ ആയിരിക്കണം. അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും, പകർപ്പ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. താഴെപ്പറയുന്ന രസീതുകളുടെ പകർപ്പ് ആണ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. രസീതുകളുടെ അസ്സൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇത് ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചാണോ തയ്യാറാക്കിയതെന്ന് ഉറപ്പുവരുത്താനായിട്ടില്ല.

| ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 13037 | 1 മുതൽ 34 വരെ, 52 മുതൽ 95 വരെ |
| 13038 | 13 മുതൽ 49 വരെ, 67 മുതൽ 87 വരെ, 98 |
| 13039 | 23 മുതൽ 25 വരെ |

1. താഴെപ്പറയുന്ന രസീതുകളുടെ പകർപ്പ് തയ്യാറാക്കിയിട്ടുള്ളത് സിംഗിൾ സൈഡ് കാർബൺ ഉപയോഗിച്ചാണ്.

| ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 13037 | 35 മുതൽ 51 വരെ, 96 മുതൽ 100 വരെ |
| 13038 | 1 മുതൽ 12 വരെ, 50 മുതൽ 66 വരെ, 88 മുതൽ 97 വരെ, 99 മുതൽ 100 വരെ |

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/26.09.2023ന് നിലവിലെ കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രസീത് തയ്യാറാക്കിയ കൃഷി അസിസ്റ്റന്റുമാരുടെ പരിചയക്കുറവും അക്കാലത്ത് അധിക ചുമതലയായി നിർവ്വഹണം നടത്തിയിരുന്ന കൃഷി ഓഫീസറുടെ ശ്രദ്ധക്കുറവും മൂലം മനഃപൂർവ്വമല്ലാതെ സംഭവിച്ച അപാകതകളാണ് ഇവ എന്ന് മറുപടിയിൽ പറയുന്നു. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, രസീതുകളുടെ ഉപയോഗം ചട്ടപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 പരിരക്ഷ പദ്ധതി - അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) വാഹനം വാടക - ആദായ നികുതി ഈടാക്കിയില്ല

പരിരക്ഷ പ്രോജക്ടിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി കരാർ പ്രകാരം ദിവസം 900 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്ത് ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 1,72,800/- രൂപ കരാറുകാരനായ ശ്രീ. മനോജ്. ടി. കെ എന്നയാൾക്ക് ( KL 053A 8731 ) നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 1,00,000/- രൂപയിൽ കവിയുന്നുവെങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്.

| ബിൽ നം/തീയ്യതി, തുക | വാഹന വാടക | ഈടാക്കേണ്ട |
|---|---|---|

| | നൽകിയത് (₹) | ആദായ നികുതി (₹) |
|---|---|---|
| ബിൽ നം.5/17.09.22 ₹40,310/- | 14,400 | |
| ബിൽ നം.7/18.10.22, ₹38,010/- | 14,400 | |
| ബിൽ നം.12/28.11.22, ₹37,410/- | 14,400 | |
| ബിൽ നം.13/06.112.22, ₹37,920/- | 14,400 | |
| ബിൽ നം.19/06.01.23, ₹47,251/- | 14,400 | |
| ബിൽ നം.144/21.01.23, ₹67,783/- | 14,400 | |
| ബിൽ നം.23/03.02.23, ₹43,650/- | 14,400 | |
| ബിൽ നം.3/09.09.22, ₹11,49,920/- | 57,600 | |
| ബിൽ നം.31/04.03.23, ₹38,370/- | 14,400 | |
| ബിൽ നം.33/20.03.23, 38,370/- | 14,400 | |
| ആകെ | 1,87,200 | 1,872 |

ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2) പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി – യോഗം ചേർന്നില്ല.

സ.ഉ (സാധ)നം 553/19/ത.സ്വ.ഭ.വ തി. 7.3.19 പ്രകാരം പാലിയേറ്റിവ് പരിചരണങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്
മേൽ ഉത്തരവ് ഖ.2.9.1 പ്രകാരം പാലിയേറ്റിവ് പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഓരോ സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും 2 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തെ വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പിഎംസി ആയത് അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മിനുട്ട്സ് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ യോഗം ചേർന്നതായി കാണുന്നില്ല.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/25.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം പ്രഥമ മറുപടിയിൽ തന്നെ അറിയിയ്ക്കേണ്ടതാണ്.

## 1-16 ചെലവുരേഖകൾ ലഭ്യമാക്കിയില്ല

2022-23 വർഷത്തിൽ മെഡിയ്ക്കൽ ഓഫീസർ (ആരോഗ്യം) നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടു പ്രകാരമുള്ള മുഴുവൻ ചെലവുരേഖകളുടെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് : പാങ്ങ് FHCയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ 197/23

| പ്രൊജക്ട് | ബിൽ നം /തീയതി | തുക (₹) | ആവശ്യമായ രേഖകൾ |
|---|---|---|---|
| പാങ്ങ് FHCയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ (197/23 ) | 16/23.12.22 | 4,473 | പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രത്തിനു നൽകിയ തുകയുടെ ചെലവുരേഖകൾ |

രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/27.09.23ന് മറുപടി ലഭ്യമാക്കിയില്ല. ചെലവിനാധാരമായ രേഖകളുടെ മുഴുവൻ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ തുക തടസ്സം ചെയ്യുന്നു.

## 1-17 മുഴുവൻ മരുന്നും ലഭ്യമാകാത്തത് സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ (59/23) എന്ന പ്രൊജക്ടു പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ-ന് 11,29,996/- രൂപ മുൻകൂറായി നൽകിയ തുകയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് | ബിൽ നം.& തീയതി | തുക (₹) |
|---|---|---|
| MG റോഡിതരം | 1/10.08.23 | 1,35,529 |
| | 20/06.01.23 | 7,64,471 |
| | 21/18.01.23 | 2,29,996 |
| | ആകെ | 11,29,996 |

എന്നാൽ പ്രഫോർമ ഇൻവോയ്സ് നം 3289/29.12.22 പ്രകാരമുള്ള മുഴുവൻ മരുന്നുകളും ഓഡിറ്റ് തീയതി വരെയും കെ.എം.എസ്.സി.എൽ-ൽ നിന്നും ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം &തീയതി | തുക (₹) | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക (₹) |
|---|---|---|
| 27950/20.3.23 | 24,640 | |
| 27291/28.3.23 | 74,424 | |
| 901/17.04.23 | 2,394 | |
| 1174/20.04.23 | 68,901 | |
| 2876/10.05.23 | 3,360 | 5,79,531 |
| 10158/21.06.23 | 2,11,094 | |
| 11463/05.07.23 | 91,728 | |
| 12193/10.07.23 | 12,410 | |
| 1497/28.07.23 | 61,514 | |
| ആകെ | 5,50,465 | 5,79,531 |

അവശേഷിയ്ക്കുന്ന 5,79,531/- രൂപയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിയ്ക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/25.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 സ്കോളർഷിപ്പിനത്തിൽ അധികം തുക നൽകി

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നം : 194/23

പ്രോജക്ടിന്റെ പേര് : ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ : ₹32,40,000/-

ചെലവ് : ₹30,61,181/-

₹5,64,550/- ബിൽ നം 155/7.11.22

₹1,40,000/- ബിൽ നം 154/8.12.22

₹7,41,450/- ബിൽ നം 154/7.12.22

₹5,09,300/- ബിൽ നം 195/3.1.23

₹1,49,250/- ബിൽ നം 472/28.3.23

₹3,21,181/- ബിൽ നം 225/7.1.23

₹4,51,400/- ബിൽ നം 254/14.2.23

₹1,84,050/- ബിൽ നം 160/14.12.22

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത.സ്വ.ഭ.വ, തിയ്യതി 28.05.22 ക്രമ നമ്പർ 7.1.6 എ, ബി, സി, ഡി എന്നിവ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകേണ്ട സ്കോളർഷിപ്പിന്റെ വിവരം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ശാരീരിക വെല്ലുവിളി നേരിടുന്ന താഴെ പറയുന്നവർക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | പഠിയ്ക്കുന്ന ക്ലാസ് | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക (₹) | നൽകിയ തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|
| മുഹമ്മദ് മുസമിൽ | 7th Std | 6,000 | 10,000 | 4,000 |
| ഫാത്തിമ റിയ | 5th " | 6,000 | 9,000 | 3,000 |
| മുഹമ്മദ് ജാസിൻ | 5th " | 6,000 | 7,000 | 1,000 |
| റിഷാൽ. പി | 7th " | 6,000 | 7,000 | 1,000 |
| അബ്ദുൾ മുഹസിൻ | 8th " | 6,000 | 7,000 | 1,000 |
| ആകെ | | | | 10,000 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക മേൽ ഗുണഭോക്താക്കൾക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 19/26.09.2023 ത്തിന് ലഭ്യമാക്കിയ മറുപടിയിൽ, ക്ലറിയ്ക്കൽ മിസ്റ്റേക്ക് മൂലം

സംഭവിച്ച തെറ്റാണെന്നും മേൽ ഗുണഭോക്താക്കൾക്ക് നൽകിയ അധിക തുക അടുത്ത വർഷം അനുവദിയ്ക്കുന്ന തുകയിൽ നിന്നും കുറവു ചെയ്തു നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. 2022-23 വർഷത്തിൽ ശാരീരിക വൈകല്യമുള്ള 36 കുട്ടികൾക്കാണ് സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുള്ളത്. ഇവർക്ക് വാർഷിക ബത്തക്ക് പുറമെ യാത്രാബത്ത അനുവദിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതുകൂടി ലഭ്യമാക്കേണ്ടതാണ്.

## 1-19 അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു.

പഞ്ചായത്തിനു കീഴിൽ ആകെ 44 അംഗനവാടികളാണുള്ളത്. ഇതിൽ 33 അംഗനവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. താഴെ ചേർത്തിരിക്കുന്ന 11 അംഗനവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. അംഗനവാടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സെന്ററിന്റെ പേര് | വാർഡ്/സെന്റർ നം |
|---|---|---|
| 1 | ഇല്ലത്തപടി | 2/86 |
| 2 | സമൂസപടി | 3/87 |
| 3 | നെച്ചിക്കുത്തുപറമ്പ് | 5/95 |
| 4 | അമ്പലപറമ്പ് | 12/109 |
| 5 | മാഞ്ചീരപടി | 10/111 |
| 6 | തോറ | 9/114 |
| 7 | തട്ടാർമണ്ണ | 1/118 |
| 8 | കാരികുന്ന് | 9/120 |
| 9 | ആറങ്ങോട്ടുപടി | 6/122 |
| 10 | ചേണ്ടോട്ടൂർ | 16/123 |
| 11 | പെരുന്നം പറമ്പ് | 6/124 |

മേൽ അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 26/29.9.2023 ത്തിന്, ക്രമ നം 1, 3, 6, 7, 8, 10 എന്നിവയ്ക്ക് സ്ഥലം ലഭ്യമായിട്ടുണ്ടെന്നും ക്രമ നം. 2, 4 എന്നിവയുടെ കെട്ടിടം പണി നടന്നുകൊണ്ടിരിയ്ക്കുകയാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 166 മൂന്നാം പട്ടിക പ്രകാരം അങ്കണവാടികൾ നടത്തലും പരിപാലിക്കലും പഞ്ചായത്തിന്റെ ചുമതലയാണ്. ആയതിനാൽ അവശേഷിയ്ക്കുന്ന അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റു ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഊർജിത ശ്രമങ്ങൾ/നടപടികൾ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-20 ഒന്നാം ഗഡു കൈപ്പറ്റി- ഭവനനിർമ്മാണം ആരംഭിച്ചില്ല

ലൈഫ് മിഷൻ പദ്ധതി ഫേസ് 3 യിൽ ഒന്നാം ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ച തായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേര് : ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം( ജനറൽ.)179/23

അടങ്കൽ : ₹4,00,00,000/-

ചെലവ് : ₹1,40,22,671/-

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തീയതി | തുക |
|---|---|---|
| ലൈല കപ്പോടൻ, വറ്റല്ലൂർ/വാർഡ് -19 | 18.10.2022 | 40,000 |

ടിയാൾ ഭവന നിർമാണം ആരംഭിയ്ക്കാത്തതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.37/30.9.23 നുള്ള മറുപടിയിൽ , ഉടൻ പ്രവൃത്തി തുടങ്ങുമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്നും നിർമാണം ആരംഭിയ്ക്കാത്ത പക്ഷം തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഓണം അഡ്വാൻസ് റിക്കവറി - അതാത് സ്ഥാപനത്തിന് കൈമാറിയിട്ടില്ല

മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ/വകുപ്പിൽ നിന്നും ഓണം അഡ്വാൻസ് എടുത്ത ശേഷം കുറുവ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത താഴെ പറയുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് അതാത് മാസം റിക്കവറി നടത്തി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് കൈമാറിയിട്ടില്ല. തുക അടവാക്കുന്നതിന് 22200873/31.03.23 (ചെക്ക് നം. 580068/31.03.23) നമ്പർ വൗച്ചർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ക്യാൻസൽ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/26.09.23) അടവാക്കാൻ അവശേഷിക്കുന്ന ജീവനക്കാരുടെ വിവരം ലഭ്യമാക്കി.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ശമ്പളത്തിൽ നിന്നും ഈടാക്കിയ തുക (₹) | തുക അടവാക്കേണ്ട സ്ഥാപനം | മാസം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | രാജേഷ്. സി. ഡി. | 12,000 | വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത്, ഇടുക്കി | 2022 – നവംബർ, ഡിസംബർ, 2023 - ജനുവരി |
| 2 | ഷൈബ മോൾ. എം. കെ. | 12,000 | പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം | 2022 – ഡിസംബർ 2023 - ജനുവരി, ഫെബ്രുവരി |
| 3 | ബിന്ദു. കെ. | 4,000 | വടക്കാഞ്ചേര വില്ലേജ് ഓഫീസ് | 2023 - ഫെബ്രുവരി |
| | ആകെ | 28,000 | | |

റിക്കവറി ഇനത്തിൽ ഈടാക്കിയ തുക അതാത് സ്ഥാപനങ്ങളിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEBയുടെ വിവിധ സെക്ഷനുകൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/22-23/25.09.23) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | ചെലവ് തുക (₹) | വൗച്ചർ നം. തുക | ഏജൻസി |
|---|---|---|---|---|
| 1 | 270/23, 14ാം വാർഡിലെ കൊടക്കാട് എന്ന സ്ഥലത്തെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 31,873 (CFC ഗ്രാന്റ്) | 22151152009900785926 /17.11.22, ₹29,093<br>22151152009900846099 /30.11.22, ₹2,780 | KSEB പുഴക്കാട്ടിരി സെക്ഷൻ |
| 2 | 325/23, വാർഡ് 12ലെ അംഗൻവാടിക്കുള്ള സ്ഥലത്തുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21,889 (തനത് ഫണ്ട്) | 22200788/22.03.23 | KSEB കുളത്തൂർ സെക്ഷൻ |
| 3 | വറ്റല്ലൂർ മേക്കളമ്പ് പടലാംകുന്ന് റോഡിൽ പോസ്റ്റ് മാറ്റിവെക്കൽ | 20,834 (തനത് ഫണ്ട്) | 22200065/27.04.22 | KSEB ചട്ടിപ്പറമ്പ് സെക്ഷൻ |
| | ആകെ | 74,596 | | |

പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി അറിയിക്കുന്നത് വരെ ചെലവ് തുക 74,596/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 വിവിധ ഏജൻസികൾക്ക് വിഹിതം നൽകിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല

2022-23 വർഷത്തിൽ താഴെ പറയുന്ന വിവിധ ഏജൻസികൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയ തുകയുടെ വിനിയോഗ

സാക്ഷ്യപത്രം, കൈപ്പറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഇനം | ചെലവ് തുക (₹) | വൗച്ചർ നം. തുക (₹) | അപാകതകൾ |
|---|---|---|---|---|
| 1 | 205/23, ജില്ലാ പ്ലാനിംഗ്& റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയത് നിർവ്വഹണം : സെക്രട്ടറി | 2,65,000 (തനത്ഫണ്ട്) | 22200461/19.10.22 | UC ലഭ്യമായിട്ടില്ല |
| 2 | 183/23, IKM വിഹിതം നൽകൽ നിർവ്വഹണം : സെക്രട്ടറി | 1,16,970 (1,08,638 - വികസനഫണ്ട് ജനറൽ, 8,332- തനത് ഫണ്ട്) | 22151152009900666300/ 18.10.22, ₹1,08,638/- 22200885/09.02.23, ₹8,332/- | 1,08,638/- രൂപയുടെ കൈപ്പറ്റ് രസീത്, 1,16,970/- രൂപയുടെ UC എന്നിവ ലഭ്യമായിട്ടില്ല. |
| 3 | മങ്കട ഉപജില്ലാ സ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പിന് ഗ്രാമപഞ്ചായത്ത് വിഹിതം കൺവീനർക്ക് നൽകിയത് | 30,000 (തനത്ഫണ്ട്) | 22200571/03.12.22 | സബ് ജില്ലാ കലോത്സവത്തിന്റെ കൺവീനറിൽ നിന്നും UC ലഭ്യമായിട്ടില്ല. |
| 4 | 2022-23 ഒന്നാം അർദ്ധ വർഷത്തെ ലൈബ്രറി സെസ് കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകിയത് | 1,54,774 | 22200511/03.11.22 | കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല. |

ഓഡിറ്റ് എൻക്വയറി നം.27/22-23/29.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-24 സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് - ആർട്ടിക്കിൾ-147, 149(1), 150, 152, 153, 158, 161 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിക്കേണ്ടതും സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതും സ്റ്റോക്കിൽ എടുക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. 1) അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, 2) ഓഫീസ് ഫർണീച്ചറുകൾക്ക് , 3) പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും 4) കംപ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കേരള ഫിനാൻസ് കോഡ് വാല്യം II നിർദ്ദേശിക്കുന്ന മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുണ്ട്. സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ സ്റ്റോക്ക് അക്കൗണ്ടിൽ വിവരം രേഖപ്പെടുത്തേണ്ടതും വർഷത്തിലൊരിക്കലെങ്കിലും സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്റ്റോറുകൾ കൈപറ്റുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്ന് വ്യക്തമാകുന്നു. ഓഡിറ്റ് എൻക്വയറി നം. 35/22-23/30.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശപ്രകാരം സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതും സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-25 പദ്ധതികളുടെ മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, വാർഷിക പദ്ധതികൾ ജില്ലാ

ആസൂത്രണസമിതി അംഗീകരിച്ചതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു. 2022-23 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി 2 യോഗങ്ങൾ മാത്രമാണ് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ചേർന്നിട്ടുള്ളതെന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്റർ ചെയ്തിട്ടില്ല എന്ന് കാണുന്നു. ഓഡിറ്റ് എൻക്വയറി നം. 38/22-23/29.09.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ആശ്രയ പദ്ധതി - വീട് റിപ്പയറിംഗ് - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം., പേര് | 209/23, ആശ്രയ പദ്ധതി |
| അടങ്കൽ (₹) | 1,50,000/- (വികസനഫണ്ട് ജനറൽ) |
| ചെലവ് തുക (₹) | 60,000/- |
| ബിൽ നം. തീയതി | 22151152031001007970/06.01.23 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിംഗിനായി എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുകയുടെ 50% തുകയായ ആദ്യ ഗഡു 15,000/- രൂപ വീതം അഡ്വാൻസ് ആയി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക (₹) |
|---|---|---|
| 1 | ജാനകി അമ്മ, ചുങ്കത്ത് | 15,000 |
| 2 | കുഞ്ഞിമുഹമ്മദ്, പുതിയത്ത് | 15,000 |
| 3 | കാളി, എലുമ്പിലാക്കാട്ട് | 15,000 |
| 4 | ആമിന, ചക്കുവളപ്പിൽ | 15,000 |

മേൽ ഗുണഭോക്താക്കൾ വീട് റിപ്പയറിംഗ് പണി പൂർത്തീകരിച്ച് രണ്ടാം ഗഡു ധനസഹായം നൽകിയതായി കാണുന്നില്ല. ക്രമ നം. 2, 3 ഗുണഭോക്താക്കൾ വീട് റിപ്പയറിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും രണ്ടാം ഗഡു ധനസഹായം ലഭ്യമാക്കണമെന്നും ഓവർസിയറുടെ വാല്യേഷൻ ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ധനസഹായം നൽകിയതായി കാണുന്നില്ല. തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/22-23/23.09.23) മറുപടി ലഭ്യമാക്കി.

അഗതികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന മേൽ പദ്ധതിയിലെ പ്രവൃത്തി പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു ധനസഹായം നൽകേണ്ടതും പൂർത്തീകരിക്കാത്തവരുണ്ടെങ്കിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-27 "VEELS" വെബ്സൈറ്റിൽ വാഹനങ്ങളുടെ ചെലവ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടില്ല

ധനകാര്യ (ഐ.ടി സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" – എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത് പ്രകാരം 08/2023 ന് വാഹനത്തിന്റെയും ഡ്രൈവറുടെയും വിവരം നൽകിയിട്ടുണ്ടെങ്കിലും സർക്കുലർ പ്രകാരമുള്ള മറ്റു നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. ആയത്

പാലിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.30/22-23/29.09.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 വാഹന വാടക നൽകിയതിൻമേൽ ആദായ നികുതി കുറവ് ചെയ്തില്ല

അസി. എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക ഇനത്തിൽ ശ്രീ. ലത്തീഫ് പറമ്പൻ, കുറുവ എന്നവർക്ക് താഴെ പറയും പ്രകാരം തുക റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. (പ്രോജക്ട് നമ്പർ- 269/22). 07.10.2022 ന് ടിയാനുമായി ചമച്ച കരാർ പ്രകാരം കി.മീ.ന് 19 രൂപ നിരക്കിലാണ് വാഹനം (KL53D-4249, ടവേര കാർ ) വാടകയ്ക്ക് എടുത്തിരിക്കുന്നത്. Income Tax Act 1961, Sec. 194C പ്രകാരം , വാടകയിനത്തിൽ അനുവദിക്കുന്ന തുക (Single Payment) 30,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിലും, ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ വരുന്നുവെങ്കിലും 194C പ്രകാരം അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്.

തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. | അനുവദിച്ച തുക (₹) |
|---|---|
| 23/24.11.2022 | 38,475 |
| 27/28.12.22 | 28,652 |
| 39/21.2.2023 | 39,292 |
| 72/27.3.2023 | 29,887 |
| ആകെ | 1,36,306 |

എന്നാൽ ടിയാനിൽ നിന്നും 1 ശതമാനം കുറവ് ചെയ്ത് ആദായ നികുതി വകുപ്പിലേക്ക് അടവാക്കിയിട്ടില്ല. നിയമപ്രകാരമുള്ള നികുതി ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-26/29.9.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-29 മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള റോഡ് പ്രവൃത്തിയിൽ ശരാശരി 1 മീറ്റർ വീതിയിലും, 100 മുതൽ 120 മീറ്റർ വരെ നീളത്തിലും ശരാശരി 0.3 മീറ്റർ മുതൽ 1 മീറ്റർ വരെ ആഴത്തിലുമായി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer/ Hydraulic Excavator ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | കരിഞ്ചാപ്പാടി വഴിക്കടവ് പരവക്കൽ റോഡ് ഐറിഷ് - (233/23) |
| അടങ്കൽ/ചെലവ് (₹) | 4,50,000/372937 |
| കരാർ | 58/AE/LSGD/KVR/2022-23/22.2.2023 (Estimate Rate) |
| ടി എസ് .നം. | 97228/2022, (CI 36.44%) |
| ബിൽ നം. | 78/28.3.2023 |
| M Book | ഇ എം.ബുക്ക് |
| കരാറുകാരൻ | ശ്രീ. സൈനുൽ ആബിദ് എം |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ ₹360.75/$m^3$- Cost Index 36.44% | ₹10,265.5/- (28.456$m^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 84.05/$m^3$ | ₹2,391.72 (28.456 $M^3$ * 84.05/$m^3$) |
| അധികം നൽകിയ തുക | ₹9,291/- (Ie, ₹7874+18% GST) |

യന്ത്രങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിലൂടെ ചെലവ് കുറക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിരിക്കേ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലൂടെ അധിക ചെലവ് വന്നിട്ടുണ്ട് .

അധികച്ചെലവിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 4/2022-23/25.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക തുക ₹9,291/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-30 ക്വാറിമക്ക് ഫില്ലിംഗ് - അധിക നിരക്ക് നൽകിയത് മൂലം 29,968/- രൂപയുടെ അധികച്ചെലവ്

ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടുകളിൽ ക്വാറിമക്ക് ഫില്ലിംഗ് പ്രവൃത്തിക്ക് ഒബ്സർവ്വ്ഡ് ഡാറ്റയുടെ (OD 49357/2022-23) അടിസ്ഥാനത്തിൽ ₹1,164.07/എം3 നിരക്ക് അനുവദിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം നടപ്പാക്കിയ മറ്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലെല്ലാം OD-144979/2022-23 (OD From DAR 51.2.3) പ്രകാരമുള്ള 940. 22/എം3 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത നിരക്ക് (940.22/m3) ആണ് അനുവദനീയമായിട്ടുള്ളത്. ഇതിന് പകരം ₹1,164.07/എം3 എന്ന ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികച്ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി വിശദാംശങ്ങൾ | ക്വാറിമക്ക് ഫില്ല് ചെയ്ത അളവ് (എം3) | അനുവദിച്ച തുക@ ₹1,164.07 /M3 | അനുവദനീയമായ തുക @ ₹940.22/m3 | അധികം (₹) |
|---|---|---|---|---|---|
| 1 | ഭാസ്കരൻപടി രാമൻകാവ് റോഡ് കോൺക്രീറ്റിംഗ് (27/23)<br>ടി.എസ്. ₹1,50,000/-<br>കരാറുകാരൻ-ശ്രീ. മുഹമ്മദ് ഹാഫിഖ് (Estimate – Rate)<br>എഗ്രിമെന്റ്- 8/24.12.2022<br>എസ്റ്റിമേറ്റ് നം- 6813/2022<br>TS NO. 7695/2022-23,തി-19.8.2022<br>ചെലവ് തുക ₹1,48,977/-<br>എം ബുക്ക്- ഇ എം.ബുക്ക്<br>വൗച്ചർ നം. XVFC/2022-23 /P/61, തി-10.3.2023<br>Cost Index-36.44% | 9.6 | 11,175.07 | 9,026.11 | 2,536 (2,149+18%GST) |
| 2 | കച്ചേരിപ്പടി മൈലാടി റോഡ് കോൺക്രീറ്റിംഗ് (16/23)<br>ടി.എസ്. ₹1,00,000/-<br>കരാറുകാരൻ-ശ്രീ. താരിഖ് ബാബു.കെ(Estimate – Rate)<br>എഗ്രിമെന്റ്-10/27.12.2022<br>എസ്റ്റിമേറ്റ് നം.54551/2022<br>TS NO. 49320/2022-23,തി-06.11.2022<br>ചെലവ് തുക : ₹99,919/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23 | 6.784 | 7,897.05 | 6,378.45 | 1,792 (1,519+18%GST) |

| | | | | | |
|---|---|---|---|---|---|
| | /P/68, തി-22.3.2023<br>Cost Index-36.44% | | | | |
| 3 | ചക്കിലായി കോളനി റോഡ് കോൺക്രീറ്റിംഗ് (32/23)<br>ടി.എസ്. ₹2,00,000/-<br>കരാറുകാരൻ-ശ്രീ. റഷീദ്.സി.<br>(Estimate – Rate)<br>എഗ്രിമെന്റ്-11/28.12.2022<br>എസ്റ്റിമേറ്റ് നം.30359/2022<br>TS NO. 12803/2022-23,തി-06.9.2022<br>ചെലവ് തുക: 1,99,919/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23 /P/69, തി-22.3.2023<br>Cost Index-36.44% | 12.445 | 14,486.85 | 11,701 | 3,287<br>(2,786+18%GST) |
| 4 | കോരക്കോട് മണക്കാട് റോഡ് കോൺക്രീറ്റിംഗ് (29/23)<br>ടി.എസ്. ₹1,50,000/-<br>കരാറുകാരൻ-ശ്രീ. മുഹമ്മദാലി.ടി.<br>(Estimate – Rate)<br>എഗ്രിമെന്റ്- 6/23.12.2022<br>എസ്റ്റിമേറ്റ് നം.8646/2022<br>TS NO. 8702/2022-23,തി-23.8.2022<br>ചെലവ് തുക : ₹1,48,931/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23 /P/60, തി-09.3.2023<br>Cost Index-36.44% | 9.170 | 10,674.52 | 8,621.81 | 2,423<br>(2,053+18%GST) |
| 5 | തെക്കേകര ചൗദ പാത്ത്‌വേ കോൺക്രീറ്റിംഗ് (31/23)<br>ടി.എസ്. ₹1,00,000/- | 6.150 | 7,159.03 | 5,782.35 | 1,625<br>(1,377+18%GST) |

| | | | | | | |
|---|---|---|---|---|---|---|
| | | കരാറുകാരൻ-ശ്രീ. അമീർ ഫൈസൽ. പി, (Estimate – Rate) എഗ്രിമെന്റ്- 14/31.12.2022 എസ്റ്റിമേറ്റ് നം. 28577/2022 TS NO. 7688/2022-23, തി-19.8.2022 ചെലവ് തുക : ₹99,826/- എം ബുക്ക്- ഇ- എംബുക്ക് വൗച്ചർ നം. XVFC/2022-23 /P/75, തി-25.3.2023 Cost Index-36.44% | | | | |
| | 6 | പള്ളിപ്പറമ്പ് മുല്ലപ്പള്ളി റോഡ് കോൺക്രീറ്റിംഗ് (48/23) ടി.എസ്. ₹2,00,000/- കരാറുകാരൻ-ശ്രീ. യൂനസ്.എ. സി, (Estimate – Rate) എഗ്രിമെന്റ്- 32/06.1.2023 എസ്റ്റിമേറ്റ് നം. 28659/2022 TS NO. 7679/2022-23, തി-19.8.2022 ചെലവ് തുക : ₹1,99,598/- എം ബുക്ക്- ഇ- എംബുക്ക് വൗച്ചർ നം. XVFC/2022-23 /P/56, തി-22.2.2023 Cost Index-36.44% | 11.918 | 13,873.39 | 11,205.54 | 3,148 (2,668+18%GST) |
| | 7 | ആനതയ്യിൽ ആമനോട് റോഡ് കോൺക്രീറ്റിംഗ് (09/23) ടി.എസ്. ₹2,00,000/- കരാറുകാരൻ-ശ്രീ. ഹാരിസ് ബാബു.ഇ, എഗ്രിമെന്റ്- 12/29.12.2022 | 12.795 | 14,894.28 | 12,030.11 | 3,380 (2,864+18%GST) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് നം. 3235/2022<br>TS NO. 522/2022-23,തി-18.5.2022<br>ചെലവ് തുക : 2,00,000/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23 /P/51, തി-02.2.2023<br>Cost Index-36.44% | | | | | |
| | 8 | ചോലമുക്ക് പരവക്കൽ റോഡ് കോൺക്രീറ്റിംഗ് (10/23)<br>ടി.എസ്. ₹2,50,000/-<br>കരാറുകാരൻ-ശ്രീ. മുഹമ്മദ് ഹാഫിഖ്. യു,<br>(Estimate – Rate)<br>എഗ്രിമെന്റ്- 09/24.12.2022<br>എസ്റ്റിമേറ്റ് നം. 9659/2022<br>TS NO. 7763/2022-23,തി-19.8.2022<br>ചെലവ് തുക : ₹2,38,828/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23 /P/57, തി-22.2.2023<br>Cost Index-36.44% | 14.868 | 17,307.39 | 13,979.19 | 3,927<br>(3,328+18%GST) | |
| | 9 | വി.പി.പടി റോഡ് കോൺക്രീറ്റിംഗ് (13/23)<br>ടി.എസ്. ₹2,00,000/-<br>കരാറുകാരൻ-ശ്രീ. മുഹമ്മദാലി.ടി<br>(Estimate – Rate)<br>എഗ്രിമെന്റ്- 07/23.12.2022<br>എസ്റ്റിമേറ്റ് നം. 9600/2022<br>TS NO. 7711/2022-23,തി-19.8.2022<br>ചെലവ് തുക : ₹1,99,965/-<br>എം ബുക്ക്- ഇ- എം.ബുക്ക് | 11.2 | 13,037.58 | 10,530.46 | 2,958<br>(2,507+18%GST) | |

| | | | | | |
|---|---|---|---|---|---|
| | വൗച്ചർ നം. XVFC/2022-23 /P/50, തി-2.2.2023 Cost Index-36.44% | | | | |
| 10 | പള്ളിപ്പറമ്പ് വടക്കേതിൽ റോഡ് കോൺക്രീറ്റിംഗ് (37/23) ടി.എസ്. ₹3,00,000/- കരാറുകാരൻ-ശ്രീ. സൈനൽ ആബിദ്(Estimate – Rate) എഗ്രിമെന്റ്- 04/23.12.2022 എസ്റ്റിമേറ്റ് നം. 29325/2022 TS NO. 7706/2022-23,തി-19.8.2022 ചെലവ് തുക : ₹2,99,497/- എം ബുക്ക്- ഇ- എംബുക്ക് വൗച്ചർ നം. XVFC/2022-23 /P/53, തി-8.2.2023 Cost Index-36.44% | 18.522 | 21,560.90 | 17,414.75 | 4,892 (4,146+18%GST) |
| | ആകെ | | | | 29,968 |

അധികം നൽകിയ 29,968/- രൂപ കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-5/2022-23/25.9.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തെറ്റായ ഡാറ്റ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയറുടേയും ബാധ്യതയായി കണക്കാക്കുന്നു. അവരിൽ നിന്നും തുല്യമായി കണക്കാക്കേണ്ടതാണ്.

## 1-31 മിനി എം.സി.എഫ് നിർമ്മാണം- അനർഹമായ സ്പെസിഫിക്കേഷൻ കോഡ് പ്രകാരമുള്ള നിരക്ക് നൽകി

നിർവ്വഹണം- അസി.എഞ്ചിനീയർ,

2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മിനി എം.സി.എഫ്. നിർമ്മാണ പ്രവൃത്തിയിൽ കെട്ടിടങ്ങളിൽ വെൽഡിംഗ് നടത്തി ഗ്രിൽ സ്ഥാപിക്കുന്ന (Providing And Fixing MS Grills Of Required Patterns In Frames Of Steel Windows By Welding) DSR Code 9.48.1 പ്രകാരമുള്ള ഉയർന്ന നിരക്കാണ് [₹195.81/kg] എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളത് (ഇനം 3). ഗെയ്റ്റിന് സമാനമായ പ്രവൃത്തിയാണ് എം.സി.എഫ്. നിർമ്മാണത്തിലും നടത്തിയിട്ടുള്ളത് . DSR Code 10.25.2 പ്രകാരമുള്ള നിരക്ക് ഗ്രേറ്റിങ്, ലാഡർ എന്നിവക്ക് പുറമെ റെയിലിങ്സ്, ഗെയ്റ്റ്സ് സമാന പ്രവൃത്തികൾ എന്നിവക്കുള്ളത് കൂടിയാണ്. ഇത് പ്രസ്തുത ഡാറ്റയുടെ ആമുഖത്തിൽ പരാമർശിച്ചിട്ടുമുണ്ട്. DSR അധ്യായം 9 (Sub Head 9) ന്റെ പേര് Wood & PVC Work എന്നാണ്. DSR അധ്യായം 10 ആണ് (Sub Head 10) സ്റ്റീൽ വർക്കിനെ സംബന്ധിച്ചുള്ളത്. തെറ്റായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് നൽകിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്ട് | മിനി എം.സി.എഫ്. നിർമ്മാണം, (52/23) |
| അടങ്കൽ/ചെലവ് (₹) | 22,00,000/4,80,653 (പാർട്ട് ബിൽ) |
| ടി എസ് | 2209/2022-2023/30.4.2022, (CI 36.44%) |
| കരാർ | 76/2022-23/8.3.2023 |

| | |
|---|---|
| എം ബുക്ക് | ഇ.എം.ബുക്ക് |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് മുസ്തഫ.എം. |
| വൗച്ചർ | XVFC/2022-23/P/86/30.3.2023 |
| നൽകിയ തുക (9.48.1 പ്രകാരം) | ₹2,53,170/- (170.55*1484.432) (കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്- ₹170.55/എ3) |
| നൽകാവുന്ന തുക (10.25.2 പ്രകാരം) | (155.13*1484.432) ക്വാട്ട് ചെയ്ത നിരക്കിൽ പരിമിതപ്പെടുത്തിയാൽ 135.13*1484.432 = ₹2,00,591/- |
| അധികം | ₹62,043/- ( ₹52,579+18% GST) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 38/2022-23/30.9.2023 നുള്ള മറുപടിയിൽ മേൽ പ്രവൃത്തിയിൽ 10എം.എം. സ്ക്വയർ ഇരുമ്പ് ദണ്ഡാണ് ഉപയോഗിച്ചതെന്നും ധാരാളം വെൽഡിംഗ് ചെയ്യേണ്ട ആവശ്യമുള്ളത് കൊണ്ടാണ് പ്രസ്തുത നിരക്ക് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ കുറഞ്ഞ റേറ്റ് പ്രകാരം ടി- പ്രവൃത്തി ചെയ്യാൻ പ്രയാസമാണെന്നും അറിയിച്ചു. ധാരാളം വെൽഡിംഗ് ജോലി വരുന്നത് കൊണ്ട് അനർഹമായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് നൽകിയത് അംഗീകരിക്കാനാവില്ല. അധിക തുക തിരിച്ചടവാക്കേണ്ടതാണ്.

## 1-32 മൂല്യ നിർണ്ണയ തുകയേക്കാൾ കൂടുതൽ തുക പിൻവലിച്ചു

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിക്ക് 1,48,931/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. എന്നാൽ ടി- പ്രവൃത്തിക്ക് വേണ്ടി 1,50,000/- രൂപ സി.എഫ്.സി. വിഹിതത്തിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. അർഹമായതിലും കൂടുതൽ തുക കരാറുകാരന് നൽകിയതായിക്കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി വിശദാംശങ്ങൾ | കരാറുകാരന് അർഹമായ തുക (₹) | അനുവദിച്ച തുക (₹) | അധികം (₹) |
|---|---|---|---|
| കോരക്കോട് മണക്കാട് റോഡ് കോൺക്രീറ്റിംഗ് (29/23)<br>ടി.എസ്. ₹1,50,000/-<br>ഫണ്ടിനം- സി.എഫ്.സി.<br>കരാറുകാരൻ-ശ്രീ. മുഹമ്മദാലി.ടി.<br>എഗ്രിമെന്റ്- 6/23.12.2022<br>എസ്റ്റിമേറ്റ് നം.8646/2022<br>ചെലവ് തുക : ₹1,48,931/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23 /P/60,<br>തി-09.3.2023 | മൂല്യ നിർണ്ണയം 1,26,213 +<br>GST @18% 22,718<br>1,48,931<br>(-) IT 1,263<br>WF 1,263<br>GST 2,524<br>= 1,43,881 | 1,44,950 | 1,069 |

അധികം നൽകിയ 1,069/- രൂപ കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-6/2022-23/25.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,069/- രൂപ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല

2012 ലെ കേരള പൊതു മരാമത്ത് മാന്വലിലെ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|
| 1 | തോട്ടക്കര പൂച്ചമാന്തി റോഡ് നവീകരണം (131/23)<br>അടങ്കൽ-100000<br>ടി.എസ്. 100000<br>TS.NO. 56939/2021-22<br>കരാറുകാരൻ. ശ്രീ. അബ്ദുസ്സമദ്.കെ<br>പി.എ.സി-88960<br>എഗ്രിമെന്റ് നം.89/AE /LSGD/KVR/21-22 /6.4.2022<br>ബിൽ നം. 71/27.3.2023, 100000 രൂപ<br>പൂർത്തീകരണ കാലയളവ്- 4 മാസം<br>സൈറ്റ് ഏറ്റെടുത്തത് -7.4.2022<br>എം.ബുക്ക് നമ്പർ-- 89/21-22<br>Duration- 4 Months (As Per TS Slip)<br>മൂല്യ നിർണ്ണയം- 88960 | 6.8.2022 | 6.1.2023 | 1992<br>[Ie, 6.8.2022 To 5.11.2022 (1%PAC)= 889.6<br>6.11.2022 To 6.1.2023 (2% PAC)*62/92= 1102.33 |
| 2 | പള്ളിപ്പറമ്പ് യു.പി.സ്കൂൾ പുളിവെട്ടി റോഡ് പുനരുദ്ധാരണം (94/23)<br>അടങ്കൽ-300000<br>ടി.എസ്. 300000<br>TS NO.56934/2021-22<br>കരാറുകാരൻ- ശ്രീ. അഫ്താബ് യോഗ്യൻ<br>പി.എ.സി-267781<br>എഗ്രിമെന്റ് നം.61/AE /LSGD/KVR/21-22 /30.12.2021<br>ബിൽ നം. 33/13.2.2023, 299914 രൂപ<br>സൈറ്റ് ഏറ്റെടുത്തത് -30.12.2021<br>എം.ബുക്ക് നമ്പർ-- 61/21-22<br>Duration- 4 Months (As Per TS Slip)<br>മൂല്യ നിർണ്ണയം-254165 | 29.4.2022 | 9.1.2023 | 12283<br>[Ie, 29.4.2022 To 28.7.2022 (1%PAC)= 2677.81<br>29.7.2022 To 28.10.2022 (2% PAC) = 5355.62<br>29.10.2022 To 9.1.2023(2% PAC)*73/92 =4249.56 |

| | | | | |
|---|---|---|---|---|
| 3 | പള്ളിയാറത്തോട് ചിറ നവീകരണം (139/23)<br>അടങ്കൽ-250000<br>ടി.എസ്. 250000<br>TS NO.96068/2021-22<br>കരാറുകാരൻ- ശ്രീ. സൈതാലി. എം,<br>പി.എ.സി-223129<br>എഗ്രിമെന്റ് നം.99/AE /LSGD/KVR/21-22 /16.4.2022<br>വൗച്ചർ നം.XVFC/2022-23 /P/79/26.3.2023, 249904 രൂപ<br>സൈറ്റ് ഏറ്റെടുത്തത് -16.4.2022<br>എം.ബുക്ക് നമ്പർ-- 99/21-22<br>Duration- 6 Months (As Per TS Slip)<br>മൂല്യ നിർണ്ണയം-211783 | 15.10.2022 | 22.3.2023 | 5553<br>[le, 15.10.2022 To 14.1.2023 (1%PAC)= 2231.29<br>15.1.2023 To 22.3.2023 (2% PAC)*67/90 = 3322.14 |
| | ആകെ | | | 19828 |

കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത മേൽ പ്രവൃത്തികളിൽ പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ14/26.9.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ പ്രവൃത്തികളിൽ കരാർ കാലയളവ് നീട്ടി നൽകിയതായി അറിയിക്കുകയും കരാറുകാരുടെ തിയതി രേഖപ്പെടുത്താത്ത അപേക്ഷയും അസി. എഞ്ചിനീയറുടെ സമയം നീട്ടി നൽകുന്നതിനുള്ള തിയതി വെയ്ക്കാത്ത ശിപാർശയും ഹാജറാക്കി. എന്നാൽ കരാറുകാർ പൂർത്തീകരണ കാലയളവ് അവസാനിക്കുന്നതിന്റെ മുമ്പ് അപേക്ഷിച്ചതായോ ഭരണ സമിതി സമയം ദീർഘിപ്പിച്ച് അംഗീകരിച്ചതായോ വിവരമില്ല. ഇക്കാരണത്താൽ മറുപടിയോടൊപ്പം ഹാജരാക്കിയ അപേക്ഷകൾ അംഗീകരിക്കാനാവില്ല.

ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-34 ജി.എസ്.ടി. അധിക നിരക്കിൽ നൽകേണ്ടി വന്നതിനാൽ പ്രവൃത്തിക്ക് അധികച്ചെലവ് വന്നു.

കരാർ കാലയളവിൽ പൂർത്തീകരിച്ചിട്ടില്ലാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ ബിൽ തുക നൽകാനായത് 18.7.22 ന് ശേഷമായതിനാൽ 12 ശതമാനത്തിന് പകരം 18 ശതമാനം ജി.എസ്.ടി. കൂട്ടി നൽകേണ്ടി വന്നു. ഇക്കാരണത്താൽ ജി.എസ്.ടി. യിനത്തിൽ 6 ശതമാനം അധികച്ചെലവ് വരാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ജി.എസ്.ടി. ഇനത്തിൽ അധികച്ചെലവ് വന്ന തുക (6 ശതമാനം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | പള്ളിപ്പറമ്പ് യു.പി.സ്കൂൾ പുളിവെട്ടി റോഡ് പുനരുദ്ധാരണം (94/23)<br>അടങ്കൽ-300000<br>ടി.എസ്. 300000<br>TS NO.56934/2021-22 | 29.4.2022 | 9.1.2023 | 15250<br>(മൂല്യനിർണ്ണയ തുകയുടെ അഥവാ- 254165 രൂപയുടെ 6% ) | 18.7.2022 ന് മുമ്പ് പൂർത്തീകരിച്ച് ബിൽ നൽകേണ്ടിയിരുന്ന പ്രവൃത്തി വൈകി പൂർത്തീകരിച്ചതിനാൽ അധികച്ചെലവുണ്ടായി. |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ- ശ്രീ. അഷ്ഫാബ് യോഗ്യൻ<br>പി.എ.സി-267781<br>എഗ്രിമെന്റ് നം.61/AE /LSGD/KVR/21-22 /30.12.2021<br>ബിൽ നം. 33/13.2.2023, 299914 രൂപ<br>സൈറ്റ് ഏറ്റെടുത്തത് -30.12.2021<br>എം.ബുക്ക് നമ്പർ-- 61/21-22<br>Duration- 4 Months (As Per TS Slip)<br>മൂല്യ നിർണ്ണയം- 254165 | | | | |

കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത മേൽ പ്രവൃത്തിക്ക് 18 ശതമാനം ജി.എസ്.ടി. കൂട്ടി നൽകേണ്ടി വന്നതിനാൽ പ്രവൃത്തിക്ക് അധികച്ചെലവ് വന്നിട്ടുള്ള കാര്യം ഓഡിറ്റ് എൻക്വയറി നമ്പർ. 13/26-9-2023 പ്രകാരം ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇപ്രകാരം അധികച്ചെലവ് വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 കരാറുകാരുമായി ഏർപ്പെട്ടിട്ടുള്ള പ്രാഥമിക കരാറുകൾ സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം-10 പ്രകാരം പൊതു മരമത്ത് പ്രവൃത്തികൾക്ക് വേണ്ടി ടെണ്ടറുകൾ സ്വീകരിക്കുമ്പോൾ ടെണ്ടറിനൊപ്പം ഒരു പ്രാഥമിക കരാർ ഉടമ്പടി ചമയ്ക്കേണ്ടതാണെന്ന് ടെണ്ടർ നടപടിക്രമങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പഞ്ചായത്തുമായുള്ള ഏതൊരു കരാറും 1959ലെ കേരള മുദ്രപത്ര ആക്ടിലെ ബന്ധപ്പെട്ട വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഉള്ള മുദ്രപത്രത്തിൽ ആയിരിക്കണമെന്ന് 1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ, ചട്ടം-3, ഉപ ചട്ടം-5 ൽ നിഷ്കർശിക്കുന്നുണ്ട്. ഇതേ ചട്ടങ്ങളിലെ ചട്ടം-6, ഉപചട്ടം- 5 ൽ മേൽ ചട്ടം-3 ലെ വ്യവസ്ഥ പ്രകാരമല്ലാതെ ഏർപ്പെടുന്ന ഒരു കരാറും പഞ്ചായത്തിന് ബാധകമായിരിക്കുന്നതല്ല എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ കുറവ ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളിൽ കരാറുകാരുമായി ഏർപ്പെട്ടിട്ടുള്ള പ്രാഥമിക കരാറുകൾ മുദ്രപത്രത്തിൽ തയ്യാറാക്കിയിട്ടില്ല. വെള്ളക്കടലാസിലുള്ള ടൈപ്പ് ചെയ്ത കരാർ ഉടമ്പടികളാണ് ഫയലിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ മേൽ കരാറുകൾ കരാർ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇ- ടെണ്ടർ കേസുകളിൽ ഹാർഡ് കോപ്പികൾ അപ്‌ലോഡ് ചെയ്യുന്നതിൽ ഇക്കാര്യത്തിൽ ഇളവ് അനുവദിച്ചിരുന്നുവെങ്കിലും മാന്വൽ ടെണ്ടറുകളിൽ സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് വെയ്ക്കാതിരിക്കുന്നതിന് അനുമതി ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2022-23 ൽ ടെണ്ടർ ചെയ്ത 93 വർക്കുകളിൽ 9 വർക്കുകൾ മാത്രമാണ് ഇ ടെണ്ടർ പ്രകാരം നടപ്പാക്കിയിട്ടുള്ളത്. മറ്റ് 84 വർക്കുകളും മാന്വൽ ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. മാന്വൽ ടെണ്ടർ ചെയ്ത മുഴുവൻ ടെണ്ടറുകളിലും 2 പേർ വീതം മാത്രമാണ് പങ്കെടുത്തിരുന്നത്. മുദ്രപത്രത്തിൽ കരാർ വെയ്ക്കാത്തതിനാൽ മുദ്രപത്രമിനത്തിൽ 33600 (84*2*200) രൂപയുടെ നഷ്ടം സർക്കാരിന് വരാനിടയായിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 27/29.9.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റാമ്പ് പേപ്പർ ഇല്ലാതെ പ്രാഥമിക എഗ്രിമെന്റ് വെയ്ക്കുന്നതിനുള്ള അനുമതി ഉത്തരവ് ലഭ്യമാക്കുകയോ അല്ലാത്തപക്ഷം സർക്കാരിന് നഷ്ടം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാരിനുണ്ടായ നഷ്ടം അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-36 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/ത.സ്വ.ഭ.വ/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയതിനാൽ ഇത്തരം പ്രവൃത്തികളുടെ

ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില(ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ജി.ഒ. (എം.എസ്).3186/2017/ത.സ്വ.ഭ.വ, തിയതി-2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതു വരെ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. അത് കൊണ്ട് തന്നെ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് വരുന്നത്. ക്രഡിറ്റ് ചെയ്ത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. ഇക്കാര്യം 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലൂടെ അസി.എഞ്ചിനീയറുടേയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടേയും ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ഒരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതായ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക തിരികെ ലഭ്യമാക്കുന്നതിൽ പഞ്ചായത്തിന്റെ സമീപനം ഒട്ടും ആശാവഹമല്ല. ഇക്കാര്യത്തിലുള്ള ജാഗ്രതക്കുറവ് ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു.

എസ്.ബി.ഐ.യിൽ അക്കൗണ്ട് ആരംഭിച്ച് ഇ- ടെണ്ടർ സൈറ്റുമായി മാപ്പിംഗ് നടത്തുന്നതിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്. നാളിതു വരെ ഇ-ടെണ്ടർ ചെയ്തതിൽ ഇ.ഇ.യുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-12/2022-23/26.9.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-37 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുന്നില്ല

മരണപ്പെട്ടവരെയും അനർഹരായവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ (എസ് എഫ്സി-ബി) വകുപ്പിന്റെ 63/2021/ധന. തീയതി.02.08.2021ലെ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം സ്വീകരിക്കേണ്ട താഴെ പറയുന്ന തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1) പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.28/22-23 /29.09.23) നൽകിയെങ്കിലും വിവരം ലഭ്യമാക്കിയില്ല.

2) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ കൃത്യമായി അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതുമാണ്. ഇത്തരത്തിൽ ഓരോ പെൻഷൻ വിതരണത്തിന് ശേഷം കുറുവ ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണം ചെയ്യുന്ന മക്കരപ്പറമ്പ് സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക്, പാങ്ങ് സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന വിവരങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഇത്തരത്തിലുള്ള വിവരങ്ങളുടെ ഒരു രേഖയും ലഭ്യമാക്കിയില്ല.

3) എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്എഫ്സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശച്ചിട്ടുണ്ട്. പ്രസ്തുത ഡാറ്റാ ഇൻഫർമേഷൻ കേരള മിഷൻ 'സേവന'യുമായി പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ഇത്തരത്തിലുള്ള വിവരം ധനകാര്യ വകുപ്പിന് നാളിതുവരെ നൽകിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

4) ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ സ്വീകരിക്കുന്ന പെൻഷൻ അപേക്ഷകളോടൊപ്പം ഇത്തരത്തിൽ സത്യപ്രസ്താവന ഉൾപ്പെടുത്തിയതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പെൻഷൻ വിതരണം സംബന്ധിച്ചുള്ള മേൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും രേഖകൾ സഹിതം വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-38 സാമൂഹ്യസുരക്ഷാ പെൻഷൻ - മരണപ്പെട്ട് ഒരു വർഷം കഴിഞ്ഞിട്ടും പെൻഷൻ നൽകുന്നു

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2022-23 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ലെന്നും പെൻഷൻ നൽകി വരുന്നെന്നും കാണുന്നു.

അക്കൗണ്ട് മോഡ് - ബാങ്ക് അക്കൗണ്ട്

പ്രതിമാസ പെൻഷൻ തുക - 1600

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് / ആധാർ നം., പെൻഷൻ തരം | പെൻഷൻ ഇനം & ഐ.ഡി | മരണം നടന്ന തിയ്യതി | മരണ രജിസ്ട്രേഷൻ നം. | അനർഹമായി നൽകിയ തുക | സ്റ്റാറ്റസ്/ റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അഹമ്മദ് കുട്ടി മച്ചിങ്ങൽ, ചെറുകുളമ്പ്<br>709285836688<br>ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 109420201309 | 12.12.2021 | 06/2022 | 28800<br>(18x1600) | സ്റ്റാറ്റസ് - ആക്ടീവ്<br>ജനവരി-2022 മുതൽ ജൂൺ-2023 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട് |
| 2 | സയ്യിദ് ഹസ്സൻ കോയ തങ്ങൾ , കാപ്പാട്ട് വഴയിലകത്ത്, ചെറുകുളമ്പ്<br>536620368377<br>കർഷകതൊഴിലാളി പെൻഷൻ | 2220161798 | 29.11.2021 | 16/2022 | 30400<br>(19x1600) | സ്റ്റാറ്റസ് - ആക്ടീവ്<br>ഡിസംബർ-2021 മുതൽ ഏപ്രിൽ-2023 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.<br>മെയ്, ജൂൺ2023ലെതുക ബാങ്കിന് കൈമാറി എന്നാണ് കാണുന്നത്. |
| 3 | കാർത്യായനി അതിപറമ്പത്ത്, പാങ്ങ്<br>568780904540<br>കർഷകതൊഴിലാളി പെൻഷൻ | 109420100268 | 23.01.2022 | 31/2022 | 27200<br>(17x16000 | സ്റ്റാറ്റസ് - ആക്ടീവ്<br>ഫെബ്രുവർ-2022 മുതൽ ജൂൺ-2023 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 4 | കുട്ടിഹസ്സൻ.കെ കണ്ടനിയിൽ, ചെറുകുളമ്പ്<br>574304129800<br>കർഷകതൊഴിലാളി പെൻഷൻ | 2220161807 | 10.04.2022 | 72/2022 | 22400<br>(14x1600) | സ്റ്റാറ്റസ് - ആക്ടീവ്<br>മെയ്-2022 മുതൽ ഏപ്രിൽ-2023 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.<br>മെയ്, ജൂൺ2023ലെ തുക ബാങ്കിന് കൈമാറി എന്നാണ് കാണുന്നത്. |

1) ആധാർ നമ്പർ ലഭ്യമായതും കുറുവ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ മരണം രജിസ്റ്റർ ചെയ്തവരുമായ ഏതാനം ചില ഗുണഭോക്താക്കളുടെ കാര്യത്തിൽ നൽകിയ തുകകളുടെ വിവരം മാത്രമാണ് പരിശോധിക്കാനായത്. മുഴുവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും പരിശോധന നടത്താൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്ത മേൽ ഗുണഭോക്താക്കൾക്ക്

മരണ ശേഷം ഒരു വർഷത്തിൽ കൂടുതൽ കാലം പെൻഷൻ വിതരണം നടന്നിട്ടും നാളിതുവരെ ഗ്രാമപഞ്ചായത്ത് യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) മേൽ ഗുണഭോക്താക്കൾ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതായാണ് കാണുന്നത്. മസ്റ്ററിംഗ് പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം ചെയ്യുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ സ്വീകരിക്കുന്ന ഗുണഭോക്താക്കൾ മരണപ്പെടുകയോ അനർഹരാകുകയോ ചെയ്യുമ്പോൾ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ എപ്രകാരമാണെന്നും ഇത്തരത്തിൽ 2021മുതൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്നിവയും ലഭ്യമാക്കേണ്ടതാണ് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/22-23/30.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് പ്രകാരം 1605പേർ നിലവിൽ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വാങ്ങുന്നവരുണ്ട്. ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്റർ പരിശോധിച്ച് ഇതിൽ മരണപ്പെട്ടവരെ കണ്ടെത്തേണ്ടതും മരണത്തിനു ശേഷവും പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ തുക തിരിച്ചുപിടിക്കുകയോ ഉത്തരവാദികളായ ഉദ്യാഗസ്ഥരിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

4) തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 07.09.23ലെ കത്ത് പ്രകാരം "ഡയറക്ട് ടു ഹോം" മോഡിലുള്ള വിതരണങ്ങളിൽ മരണപ്പെട്ടു എന്ന കാരണത്താൽ പെൻഷൻ വിതരണം ചെയ്യാൻ കഴിയാതെ വരികയും പെൻഷൻ സ്റ്റാറ്റസ് നലവിൽ "ആക്റ്റീവ്" ആയി തുടരുകയും ചെയ്യുന്ന 71ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുകയും അടിയന്തിരമായി പെൻഷൻ സസ്പെന്റ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തതായി കാണുന്നു. ഇതിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ആരാഞ്ഞെങ്കിലും ലഭ്യമാക്കിയിട്ടില്ല. നിലവിൽ ടി പെൻഷണർമാരുടെ പെൻഷൻ സ്റ്റാറ്റസ് "ആക്റ്റീവ്" ആയി തന്നെ തുടരുകയാണ്.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറിക്ക് (നം. 34/22-23/30.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല.
പട്ടികയിൽ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതും അധികം നൽകിയ 1,08,800/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അപാകതകൾ വിശദമായ മറുപടി ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ വിശദമായ അന്വേഷണം നടത്തി അനർഹമായി നൽകിയ മുഴുവൻ തുകയും തിരിച്ചു പിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ സഹിതം വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-39 "ഹോംകോ"യിൽ നിന്നും മരുന്ന് ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് | : 62/2023, കുറുവ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണം | : മെഡിക്കൽ ഓഫീസർ-ഹോമിയോ |
| അടങ്കൽ തുക | : ₹2,00,000/- ((Maintenance Fund Non Road)) |
| ചെലവ് | : ₹2,00,000/- (BRN : 22151152029300417247, തീ. 15.08.22, ₹2,00,000) |

കുറുവ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) പ്രൊഫോർമ ഇൻവോയ്സ് നം. PF-233/13.09.2022 പ്രകാരം 2,00,000/- രൂപ മുൻകൂർ ആയി നൽകിയിരുന്നെങ്കിലും താഴെപ്പറയും പ്രകാരം മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ്/സ്റ്റോക്ക് വിവരങ്ങളാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്.
ഇൻവോയ്സ് നം. LF-719/28.07.23, ₹90,170/-
അവശേഷിക്കുന്ന 1,09,830/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി "ഹോകോ"യ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം. 1/20.09.2023ന് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി നം. 28/29.09.2023ന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ചട്ടപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്വാറിമക്ക് ഫില്ലിംഗ് - അധിക നിരക്ക് നൽകിയത് മൂലം 29968 രൂപയുടെ അധികച്ചെലവ്

ചുവടെ ചേർത്തിട്ടുള്ള പ്രൊജക്റ്റുകളിൽ ക്വാറിമക്ക് ഫില്ലിംഗ് പ്രവൃത്തിക്ക് ഒബ്സർവ്വ്ഡ് ഡാറ്റയുടെ (OD 49357/2022-23) അടിസ്ഥാനത്തിൽ ₹1,164.07/എം3 നിരക്ക് അനുവദിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം നടപ്പാക്കിയ മറ്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലെല്ലാം OD-144979/2022-23 (OD From DAR 51.2.3) പ്രകാരമുള്ള 940. 22/എം3 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത നിരക്ക് (940.22/m3) ആണ് അനുവദനീയമായിട്ടുള്ളത്. ഇതിന് പകരം ₹1,164.07/എം3 എന്ന ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികച്ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി വിശദാംശങ്ങൾ | ക്വാറിമക്ക് ഫില്ല് ചെയ്ത അളവ് (എം3) | അനുവദിച്ച തുക @ ₹1,164.07 /M3 | അനുവദനീയമായ തുക @ ₹940.22/m3 | അധികം (₹) |
|---|---|---|---|---|---|
| 1 | ഭാസ്കരൻപടി രാമൻകാവ് റോഡ് കോൺക്രീറ്റിംഗ് (27/23)<br>ടി.എസ്. ₹1,50,000/-<br>കരാറുകാരൻ-ശ്രീ. മുഹമ്മദ് ഹാഫിഖ്(Estimate Rate)<br>എഗ്രിമെന്റ്- 8/24.12.2022<br>എസ്റ്റിമേറ്റ് നം- 6813/2022<br>TS NO. 7695/2022-23, തി-19.8.2022<br>ചെലവ് തുക ₹1,48,977/-<br>എം ബുക്ക്- ഇ എം.ബുക്ക്<br>വൗച്ചർ നം. XVFC/2022-23/P/61, തി-10.3.2023<br>Cost Index-36.44% | 9.6 | 11,175.07 | 9,026.11 | 2,536 (2,149+18%GST) |
| 2 | കച്ചേരിപ്പടി മൈലാടി റോഡ് കോൺക്രീറ്റിംഗ് (16/23)<br>ടി.എസ്. ₹1,00,000/-<br>കരാറുകാരൻ-ശ്രീ. താരിഖ് ബാബു.കെ(Estimate Rate)<br>എഗ്രിമെന്റ്-10/27.12.2022<br>എസ്റ്റിമേറ്റ് നം.54551/2022<br>TS NO. 49320/2022-23, തി-06.11.2022<br>ചെലവ് തുക : ₹99,919/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23/P/68, തി-22.3.2023<br>Cost Index-36.44% | 6.784 | 7,897.05 | 6,378.45 | 1,792 (1,519+18%GST) |
| 3 | ചക്കിലായി കോളനി റോഡ് കോൺക്രീറ്റിംഗ് (32/23)<br>ടി.എസ്. ₹2,00,000/-<br>കരാറുകാരൻ-ശ്രീ. റഷീദ്.സി. (Estimate Rate)<br>എഗ്രിമെന്റ്-11/28.12.2022<br>എസ്റ്റിമേറ്റ് നം.30359/2022<br>TS NO. 12803/2022-23, തി-06.9.2022<br>ചെലവ് തുക: 1,99,919/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23/P/69, തി-22.3.2023<br>Cost Index-36.44% | 12.445 | 14,486.85 | 11,701 | 3,287 (2,786+18%GST) |
| 4 | കോരക്കോട് മണക്കാട് റോഡ് കോൺക്രീറ്റിംഗ് (29/23)<br>ടി.എസ്. ₹1,50,000/-<br>കരാറുകാരൻ-ശ്രീ. മുഹമ്മദാലി. ടി. (Estimate Rate) | 9.170 | 10,674.52 | 8,621.81 | 2,423 (2,053+18%GST) |

| | | | | | |
|---|---|---|---|---|---|
| | എഗ്രിമെന്റ്- 6/23.12.2022<br>എസ്റ്റിമേറ്റ് നം.8646/2022<br>TS NO. 8702/2022-23,<br>തി-23.8.2022<br>ചെലവ് തുക : ₹1,48,931/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23/P/60,<br>തി-09.3.2023<br>Cost Index-36.44% | | | | |
| 5 | തെക്കേകര ചൗദ പാത്ത്‌വേ<br>കോൺക്രീറ്റിംഗ് (31/23)<br>ടി.എസ്. ₹1,00,000/-<br>കരാറുകാരൻ-ശ്രീ. അമീർ<br>ഫൈസൽ. പി,<br>(Estimate Rate)<br>എഗ്രിമെന്റ്- 14/31.12.2022<br>എസ്റ്റിമേറ്റ് നം. 28577/2022<br>TS NO. 7688/2022-23,<br>തി-19.8.2022<br>ചെലവ് തുക : ₹99,826/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23/P/75,<br>തി-25.3.2023<br>Cost Index-36.44% | 6.150 | 7,159.03 | 5,782.35 | 1,625<br>(1,377+18%GST) |
| 6 | പള്ളിപ്പറമ്പ് മുല്ലപ്പള്ളി റോഡ്<br>കോൺക്രീറ്റിംഗ് (48/23)<br>ടി.എസ്. ₹2,00,000/-<br>കരാറുകാരൻ-ശ്രീ. യൂനസ്.എ. സി,<br>(Estimate Rate)<br>എഗ്രിമെന്റ്- 32/06.1.2023<br>എസ്റ്റിമേറ്റ് നം. 28659/2022<br>TS NO. 7679/2022-23,<br>തി-19.8.2022<br>ചെലവ് തുക : ₹1,99,598/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23/P/56,<br>തി-22.2.2023<br>Cost Index-36.44% | 11.918 | 13,873.39 | 11,205.54 | 3,148<br>(2,668+18%GST) |
| 7 | ആനതയ്യിൽ ആമനോട് റോഡ്<br>കോൺക്രീറ്റിംഗ് (09/23)<br>ടി.എസ്. ₹2,00,000/-<br>കരാറുകാരൻ-ശ്രീ. ഹാരിസ്<br>ബാബു.ഇ,(Estimate Rate)<br>എഗ്രിമെന്റ്- 12/29.12.2022<br>എസ്റ്റിമേറ്റ് നം. 3235/2022<br>TS NO. 522/2022-23,<br>തി-18.5.2022<br>ചെലവ് തുക : 2,00,000/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23/P/51,<br>തി-02.2.2023<br>Cost Index-36.44% | 12.795 | 14,894.28 | 12,030.11 | 3,380<br>(2,864+18%GST) |
| 8 | ചോലമുക്ക് പരവക്കൽ റോഡ്<br>കോൺക്രീറ്റിംഗ് (10/23)<br>ടി.എസ്. ₹2,50,000/-<br>കരാറുകാരൻ-ശ്രീ. മുഹമ്മദ്<br>ഹാഫിഖ്. യു,(Estimate Rate)<br>എഗ്രിമെന്റ്- 09/24.12.2022<br>എസ്റ്റിമേറ്റ് നം. 9659/2022<br>TS NO. 7763/2022-23,<br>തി-19.8.2022<br>ചെലവ് തുക : ₹2,38,828/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-23/P/57,<br>തി-22.2.2023<br>Cost Index-36.44% | 14.868 | 17,307.39 | 13,979.19 | 3,927<br>(3,328+18%GST) |
| 9 | കോൺക്രീറ്റിംഗ് (13/23)വി.പി.പടി<br>റോഡ്<br>ടി.എസ്. ₹2,00,000/- | 11.2 | 13,037.58 | 10,530.46 | 2,958<br>(2,507+18%GST) |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ-ശ്രീ. മുഹമ്മദാലി. ടി (Estimate Rate)<br>എഗ്രിമെന്റ്- 07/23.12.2022<br>എസ്റ്റിമേറ്റ് നം. 9600/2022<br>TS NO. 7711/2022-23,<br>തി-19.8.2022<br>ചെലവ് തുക : ₹1,99,965/-<br>എം ബുക്ക്- ഇ- എം.ബുക്ക്<br>വൗച്ചർ നം. XVFC/2022-23/P/50,<br>തി-2.2.2023<br>Cost Index-36.44% | | | | |
| 10 | പള്ളിപ്പറമ്പ് വടക്കേതിൽ റോഡ് കോൺക്രീറ്റിംഗ് (37/23)<br>ടി.എസ്. ₹3,00,000/-<br>കരാറുകാരൻ-ശ്രീ. സൈനൽ ആബിദ് (Estimate Rate)<br>എഗ്രിമെന്റ്- 04/23.12.2022<br>എസ്റ്റിമേറ്റ് നം. 29325/2022<br>TS NO. 7706/2022-23,<br>തി-19.8.2022<br>ചെലവ് തുക : ₹2,99,497/-<br>എം ബുക്ക്- ഇ- എംബുക്ക്<br>വൗച്ചർ നം. XVFC/2022-2/P/53,<br>തി-8.2.2023<br>Cost Index-36.44% | 18.522 | 21,560.90 | 17,414.75 | 4,892<br>(4,146+18%GST) |
| | ആകെ | | | | 29,968 |

അധികം നൽകിയ 29,968/- രൂപ കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-5/2022-23/25.9.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തെറ്റായ ഡാറ്റ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയറുടേയും ബാധ്യതയായി കണക്കാക്കുന്നു.

## 3-2 മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള റോഡ് പ്രവൃത്തിയിൽ ശരാശരി 1 മീറ്റർ വീതിയിലും, 100 മുതൽ 120 മീറ്റർ വരെ നീളത്തിലും ശരാശരി 0.3 മീറ്റർ മുതൽ 1 മീറ്റർ വരെ ആഴത്തിലുമായി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer/ Hydraulic Excavator ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | കരിഞ്ചാപ്പാടി വഴിക്കടവ് പരവക്കൽ റോഡ് ഐറിഷ് - (233/23) |
| അടങ്കൽ/ചെലവ് (₹) | 4,50,000/372937 |
| കരാർ | 58/AE/LSGD/KVR/2022-23/22.2.2023 |
| ടി എസ് .നം. | 97228/2022, (Cl 36.44%) |
| ബിൽ നം. | 78/28.3.2023 |
| M Book | ഇ എം.ബുക്ക് |
| കരാറുകാരൻ | ശ്രീ. സൈനൽ ആബിദ് എം |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ ₹360.75/$m^3$-<br>Cost Index 36.44% | ₹10,265.5/-<br>(28.456$m^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 84.05/$m^3$ | ₹2,391.72<br>(28.456 $M^3$ * 84.05/$m^3$) |

| | |
|---|---|
| അധികം നൽകിയ തുക | ₹9,291/- (le, ₹7874+18% GST) |

യന്ത്രങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിലൂടെ ചെലവ് കുറക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിരിക്കേ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലൂടെ അധിക ചെലവ് വന്നിട്ടുണ്ട് .

അധികച്ചെലവിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 4/2022-23/25.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക തുക 9291/- രൂപ തെറ്റായ ഡാറ്റ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

### 3-3 മിനി എം.സി.എഫ് നിർമ്മാണം- അനർഹമായ സ്പെസിഫിക്കേഷൻ കോഡ് പ്രകാരമുള്ള നിരക്ക് നൽകി

നിർവ്വഹണം- അസി.എഞ്ചിനീയർ,

2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മിനി എം.സി.എഫ്. നിർമ്മാണ പ്രവൃത്തിയിൽ കെട്ടിടങ്ങളിൽ വെൽഡിംഗ് നടത്തി ഗ്രിൽ സ്ഥാപിക്കുന്ന (Providing And Fixing MS Grills Of Required Patterns In Frames Of Steel Windows By Welding) DSR Code 9.48.1 പ്രകാരമുള്ള ഉയർന്ന നിരക്കാണ് [₹195.81/kg] എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളത് (ഇനം 3). ഗെയ്റ്റിന് സമാനമായ പ്രവൃത്തിയാണ് എം.സി.എഫ്. നിർമ്മാണത്തിലും നടത്തിയിട്ടുള്ളത് . DSR Code 10.25.2 പ്രകാരമുള്ള നിരക്ക് ഗ്രേറ്റിങ്, ലാഡർ എന്നിവക്ക് പുറമെ റെയിലിങ്സ്, ഗെയ്റ്റ്സ് സമാന പ്രവൃത്തികൾ എന്നിവക്കുള്ളത് കൂടിയാണ്. ഇത് പ്രസ്തുത ഡാറ്റയുടെ ആമുഖത്തിൽ പരാമർശിച്ചിട്ടുമുണ്ട്. DSR അധ്യായം 9 (Sub Head 9) ന്റെ പേര് Wood & PVC Work എന്നാണ്. DSR അധ്യായം 10 ആണ് (Sub Head 10) സ്റ്റീൽ വർക്കിനെ സംബന്ധിച്ചുള്ളത്. തെറ്റായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് നൽകിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് | മിനി എം.സി.എഫ്. നിർമ്മാണം, (52/23) |
| അടങ്കൽ/ചെലവ് (₹) | 22,00,000/4,80,653 (പാർട്ട് ബിൽ) |
| ടി എസ് | 2209/2022-2023/30.4.2022, (Cl 36.44%) |
| കരാർ | 76/2022-23/8.3.2023 |
| എം ബുക്ക് | ഇ.എം.ബുക്ക് |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് മുസ്തഫ.എം. |
| വൗച്ചർ | XVFC/2022-23/P/86/30.3.2023 |
| നൽകിയ തുക (9.48.1 പ്രകാരം) | ₹2,53,170/- (170.55*1484.432) (കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്- ₹170.55/എ3) |
| നൽകാവുന്ന തുക (10.25.2 പ്രകാരം) | (155.13*1484.432) ക്വാട്ട് ചെയ്ത നിരക്കിൽ പരിമിതപ്പെടുത്തിയാൽ 135.13*1484.432 = ₹2,00,591/- |
| അധികം | ₹62,043/- ( ₹52,579+18% GST) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 38/2022-23/30.9.2023 നുള്ള മറുപടിയിൽ മേൽ പ്രവൃത്തിയിൽ 10എം.എം. സ്ക്വയർ ഇരുമ്പ് ദണ്ഡാണ് ഉപയോഗിച്ചതെന്നും ധാരാളം വെൽഡിംഗ് ചെയ്യേണ്ട ആവശ്യമുള്ളത് കൊണ്ടാണ് പ്രസ്തുത നിരക്ക് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ കുറഞ്ഞ റേറ്റ് പ്രകാരം ടി- പ്രവൃത്തി ചെയ്യാൻ പ്രയാസമാണെന്നും അറിയിച്ചു. ധാരാളം വെൽഡിംഗ് ജോലി വരുന്നത് കൊണ്ട് അനർഹമായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് നൽകിയത് അംഗീകരിക്കാനാവില്ല. അധിക തുക തെറ്റായ ഡാറ്റ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 169/23 - ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക ഭവനനിർമാണ ധനസഹായം എസ്.സി.പി (സ്പിൽ ഓവർ) | 2,00,000 | 2,00,000 | 0 |
| | 179/23 - ലൈഫ്മിഷൻ- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം | 60,000 | 60,000 | 0 |
| | 180/23 - ലൈഫ്മിഷൻ- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം പട്ടികജാതി വിഭാഗം | 13,76,508 | 13,76,508 | 0 |
| | 193/23 - സമഗ്ര നെൽ കൃഷി വികസനം | 3,82,500 | 3,82,500 | 0 |
| | 194/23 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 15,21,181 | 15,21,181 | |
| | 199/23 - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,50,000 | 2,50,000 | 0 |
| | ആകെ | 37,90,189 | 37,90,189 | 0 |
| ജില്ലാ പഞ്ചായത്ത് | 180/23 - ലൈഫ്മിഷൻ- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം പട്ടികജാതി വിഭാഗം | 4,00,000 | 4,00,000 | 0 |
| | 193/23 - സമഗ്ര നെൽ കൃഷി വികസനം | 3,82,500 | 3,82,500 | 0 |
| | 194/23 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,40,000 | 1,40,000 | 0 |
| | 199/23 - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 3,00,000 | 3,00,000 | 0 |
| | 211/23 – എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് | 3,50,000 | 3,50,000 | 0 |
| | ആകെ | 15,72,500 | 15,72,500 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 33/23 - വാർഡ്- 9 തോറയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 22200578/16.12.22 : ₹2,00,000<br>22200566/03.12.22 : ₹100 | 2,00,010 | 2,00,010 | 0 |
| | 270/23 - പതിനാലാം വാർഡിലെ കൊടക്കാട് എന്ന സ്ഥലത്തെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22151152009900785926/ 17.11.22, ₹29,093/-<br>22151152009900846099/ 30.11.22 : ₹2,780 | 31,873 | 0 | 31,873 |

| | | | | | |
|---|---|---|---|---|---|
| | 325/23 - വാർഡ് 12 ലെ അംഗൻവാടിക്കുള്ള സ്ഥലത്തുള്ള ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22200788/22.03.23 | 21,889 | 0 | 21,889 |
| | വറ്റല്ലൂർ മേക്കളമ്പ് പടലാംകുന്ന് റോഡിൽ പോസ്റ്റ് മാറ്റിവെക്കൽ (പദ്ധതിയേതരം) | 22200065/27.04.22 | 20,834 | 0 | 20,834 |
| | ആകെ | | 2,74,606 | 2,00,010 | 74,596 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി – KURDFC | - | 27,39,343 | 68,00,313 | 10,00,857 | 0 | 85,38,799 |

കുറിപ്പ് :- ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലെഡ്ജർ പ്രകാരമുള്ള വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2013-14 | | കുടിവെള്ള പദ്ധതികൾ പ്രവർത്തനാവലോകനം | -ടി- |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയാസ്തികൾ- അവലോകനം | -ടി- |
| 2016-17 | 2(2) | 2016-17 | | അനുബന്ധം | -ടി- |
| 2017-18 | 3(3) | 2018-19 | | കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം പ്രവർത്തന ക്ഷമമായില്ല | -ടി- |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് /സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 1996-97 | 3-5 | ഇ. വനജാക്ഷി | LF 18613/SPL.CELL /SC3/2000 7.1.2002 | 492 | 0 | 492 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 2 | 1999-2000 | | രജനി.പി. കൃഷി ഓഫീസർ | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-6614/ Special Cell /SC-5/2005 /31.5.2006 | 54,048 | 0 | 54,048 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 3 | 2006-07 | 2-1 | ടി.ദിലീപ് കുമാർ, സെക്രട്ടറി | ചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010 /2.5.12 | 7,811 | 0 | 7,811 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 4 | 2006-07 | 3-11 | ടി.ദിലീപ് കുമാർ, സെക്രട്ടറി | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010 /2.5.12 | 51,930 | 0 | 51,930 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)(മുന്നിരിപ്പ് ഉൾപ്പടെ) | 26,16,05,986 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 19,48,82,289 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 1,01,302 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 79,069 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 29,968 | ശ്രീ. ഉഷാർ കൃഷ്ണൻ. ജി, അസിസ്റ്റന്റ് എഞ്ചിനീയർ (₹14,984)<br>ശ്രീ. അനിൽ ദാസ്. കെ.ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (₹14,984) |
| 3-2 | | 9,291 | ശ്രീ. ഉഷാർ കൃഷ്ണൻ. ജി, അസിസ്റ്റന്റ് എഞ്ചിനീയർ (₹4,645.50) |

| | | | |
|---|---|---|---|
| | | | ശ്രീ. അനിൽ ദാസ്. കെ.ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (₹4,645.50) |
| 3-3 | | 62,043 | ശ്രീ. ഉഷാർ കൃഷ്ണൻ. ജി, അസിസ്റ്റന്റ് എഞ്ചിനീയർ (₹31,021.5) |
| | | | ശ്രീ. അനിൽ ദാസ്.കെ.ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (₹31,021.5) |
| ആകെ | 0 | 1,01,302 | |

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 4,473 | ഡോ. ഷംസുദ്ധീൻ പുലാക്കൽ, മെഡിയ്ക്കൽ ഓഫീസർ (ആരോഗ്യം) |
| 1-22 | 74,596 | ശ്രീമതി. നിമ്മി ജേക്കബ്, സെക്രട്ടറി (₹20,834/-) |
| | | ശ്രീ. ബിജുലാൽ. പി. എസ്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് (₹31,873/-) |
| | | ശ്രീമതി. ജയന്തി ഗോപാലകൃഷ്ണൻ, സെക്രട്ടറി (₹21,889/-) |
| ആകെ | 79,069 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഖണ്ഡിക 1-38

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഉഷാർ കൃഷ്ണൻ. ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുറുവ ഗ്രാമ പഞ്ചായത്ത് | ആലുന്നതിൽ വീട്, വെൺകുളം എടവ. പി. ഒ. തിരുവനന്തപുരം - 695311 |
| ശ്രീ. അനിൽ ദാസ്.കെ.ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു | പാലേയംകുന്ന് ഹൗസ്, നറുകര- പി.ഒ, മഞ്ചേരി മലപ്പുറം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം | വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെഎണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.എം.14/1383(1)/99 തിയ്യതി 07.10.2010 | 21 |
| 2 | 1997-98 | എൽ.എഫ്.എം.14/1382/99 തിയ്യതി 07.10.2010 | 21 |
| 3 | 1998-99 | എൽ.എഫ്.എം.11/147/04 തിയ്യതി 07.10.2010 | 13 |
| 4 | 1999-2000 | എൽ.എഫ്.എം.14/570/03 തിയ്യതി 07.10.2010 | 14 |
| 5 | 2000-01 | എൽ.എഫ്.എം.11/571/03 തിയ്യതി 07.10.2010 | 19 |
| 6 | 2001-02 | എൽ.എഫ്.എം.12/485/08 തിയ്യതി 07.10.2010 | 25 |
| 7 | 2002-03 | എൽ.എഫ്.എം.12/2090/06 തിയ്യതി 07.10.2010 | 13 |
| 8 | 2003-04 | എൽ.എഫ്.എം.12/2350/07 തിയ്യതി 07.10.2010 | 13 |

| | | | |
|---|---|---|---|
| 9 | 2004-05 | എൽ.എഫ്.എം.12/1146/08 തിയ്യതി 07.10.2010 | 16 |
| 10 | 2005-06 | എൽ.എഫ്.എം.12/2120/09 തിയ്യതി 07.10.2010 | 15 |
| 11 | 2006-07 | എൽ.എഫ്.എം.12/2121/09 തിയ്യതി 07.10.2010 | 22 |
| 12 | 2007-08 | എൽ.എഫ്.എം.11/2041/10 തിയ്യതി 18.02.2011 | 14 |
| 13 | 2008-09 | എൽ.എഫ്.എം.11/2042/10 തിയ്യതി 16.03.2011 | 5 |
| 14 | 2009-10 | എൽ.എഫ്.എം.11/381/13 തിയ്യതി 13.08.2013 | 27 |
| 15 | 2011-12,12-13 | കെ.എസ്.എ.എം.പി.എം.11/224/15 തിയ്യതി 24.06.2017 | 21 |
| 16 | 2013-14,14-15 | കെ.എസ്.എ.എം.പി.എം.11/1431/2016തിയ്യതി 28.06.2017 | 17 |
| 17 | 2015-16 | കെ.എസ്.എ.എം.പി.എം.11/2684/2016 തിയ്യതി 21.02.2018 | 13 |
| 18 | 2016-17 | കെ.എസ്.എ.എം.പി.എം.11/1432/2017 തിയ്യതി 21.07.18 | 22 |
| 19 | 2017-18 | കെ.എസ്.എ.എം.പി.എം.11/2425/2018 തിയ്യതി 04.05.2019 | 17 |
| 20 | 2018-19 | കെ.എസ്.എ.എം.പി.എം.11/2293/2019 തിയ്യതി 10.08.2020 | 13 |
| 21 | 2019-20 | കെ.എസ്.എ.എം.പി.എം.11/830/2022 തിയ്യതി 20.12.2022 | 24 |
| 22 | 2020-21 | കെ.എസ്.എ.എം.പി.എം.11/1491/2022 തിയ്യതി 20.12.2022 | 18 |
| 23 | 2021-22 | കെ.എസ്.എ.എം.പി.എം.11/152/2023 തിയ്യതി 04-08-2023 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 19(1) dated 27-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kuruva Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuruva Grama Panchayat for the year 2022-2023

Date: 04/11/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Kuruva Grama Panchayat for the Year 2022-2023.

**1.Major Observations**

1. Discrepancies in carrying forward of the closing balance in the year in respect of assets are detailed below.

| Account Head | Closing balance as per balance sheet as on 31.03.2022 (Rs.) | Opening balance as per ledger as on 01.04.2022 (Rs.) | Difference (Rs.) |
|---|---|---|---|
| 431100101 - Receivables For Property Tax On Residential Buildings(Current) | 1,37,962.00 | 1,34,865.00 | -3,097.00 |
| 431100102 - Receivables For Property Tax On Residential Buildings (Arrears) | 60,026.00 | 55,585.00 | -4,441.00 |
| 431910201 - Outdoor collection control account | 0.00 | 8,042.00 | 8,042.00 |
| Total | 1,97,988.00 | 1,98,492.00 | 504.00 |

2. Discrepancies in carrying forward of the closing balance in the year in respect of liabilities are detailed below.

| Account Head | Closing balance as per balance sheet as on 31.03.2022 (Rs.) | Opening balance as per ledger as on 01.04.2022 (Rs.) | Difference (Rs.) |
|---|---|---|---|
| 310900101 - Excess Of Income Over Expenditure | 3,54,63,365.40 | 3,54,63,484.40 | 119.00 |
| 350300101 - Government And Other Dues Payable - Library Cess | 7,46,833.30 | 7,47,218.30 | 385.00 |
| Total | 3,62,10,198.70 | 3,62,10,702.70 | 504.00 |

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
    i. Ratios
    ii. Notes on accounts
    iii. Comparative amounts
2. A few figures in annual financial statements are not recorded in whole numbers in accordance with accounting rules.
3. Lapses in making timely demand entries in respect of tax and non-tax revenue.
4. Unable to verify the correctness of calculating 'Excess of income over expenditure' because of mismatch in opening balance.
5. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
6. Cheques uncashed for more than 3 months were not transfered to Stale cheque account.
7. Closing balance as per bank book in 'LGSTSB - Sub Treasury, Makkaraparamba (799013000000455)' account is credit balance.
8. Directly credited to bank amount not taken into account.
9. Directly debited by bank amount not taken into account.
10. Delay in making bank book entries for withdrawals made from 'CFC PFMS HDFC BANK MALAPPURAM (50100409222926)' bank account.
11. The amounts relating to MGNREGS differ in annual financial statements from those shown in the financial statement produced by MGNREGS section.
12. Accrual entry not made for Rs. 2,40,000/- disbursed as marriage assistance under social welfare pensions.
13. The following register is not up to date and is not reliable for audit
    i. Advance Register
    ii. Asset register (*Sachithra*)
14. The following registers do not match with annual financial statements.
    i. Advance Register
    ii. Deposit Register
    iii. Rent DCB Register
    iv. Property Tax DCB Register (*Sanchaya*)
15. The following registers are not maintained
    i. Arrear demand register in respect of FTEAOS License and Profession Tax (Traders)
    ii. Loan register
    iii. Appropriation control register for specific purpose grants kept in own fund account.
16. Calculation sheet was not provided for the calculation of depreciation for fixed assets.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്